കേരള സർക്കാർ

LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

# തദ്ദേശകം

ഏപ്രിൽ 2025
പുസ്തകം 1 ലക്കം 3



വൃത്തി
Vruthi
THE CLEAN KERALA CONCLAVE
2025

നവകേരളം പുതുവഴികൾ

പിണറായി വിജയൻ സർക്കാർ 10-ാം വർഷത്തിലേക്ക്

LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

കേരള സർക്കാർ



# അഴിമതിമുക്ത തദ്ദേശഭരണത്തിനായി

**പരാതികൾ തെളിവ് സഹിതം വാട്സ്ആപ് നമ്പർ**

**807 806 60 60**

**അറിയിക്കുക**

## വാട്സ്ആപ് മുഖേന




**266**

പരാതികൾ ലഭിച്ചു

**അതിൽ**

**150**

എണ്ണത്തിൽ നടപടി സ്വീകരിച്ചു

തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ

# തദ്ദേശകം

ഏപ്രിൽ 2025 പുസ്തകം 1 ലക്കം 3

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

**ഉപദേശകസമിതി**

**ചെയർമാൻ**
എം. ബി. രാജേഷ്
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

**കൺവീനർ**
സീറാം സാംബശിവ റാവു ഐ.എ.എസ്.
പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ.

**അംഗങ്ങൾ**
ഡോ. ഷർമിള മേരി ജോസഫ് ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, ത.സ്വ.ഭ.വ.
ഡോ. ദിനേശൻ ചെറുവാട്ട് ഐ.എ.എസ്.
ഡയറക്ടർ, എൽ എസ് ജി ഡി (റൂറൽ)
സൂരജ് ഷാജി ഐ.എ.എസ്.
ഡയറക്ടർ, എൽ എസ് ജി ഡി (അർബൻ)
എ. നിസാമുദ്ദീൻ ഐ.എ.എസ്.,
ഡയറക്ടർ, കില
ഷിജി ഇ. ചന്ദ്രൻ, ചീഫ് ടൗൺ പ്ലാനർ
സന്ദീപ് കെ. ജി., ചീഫ് എഞ്ചിനിയർ
എം.പി. അജിത് കുമാർ, അഡിഷണൽ ഡയറക്ടർ
കെ.എം. ഉഷ
പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
ബി.പി. മുരളി,
പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
കെ.ജി. രാജേശ്വരി
ചെയർപേഴ്സൺ,
ജില്ലാ പഞ്ചായത്ത് പ്രസിഡൻസ് ചേംബർ
എം. കൃഷ്ണദാസ്
ചെയർമാൻ, ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമാൻ
അനിൽകുമാർ എം.
പ്രസിഡന്റ്, മേയേഴ്സ് കൗൺസിൽ
സെക്രട്ടറി,
പ്രസ്ക്ലബ്ബ്, തിരുവനന്തപുരം
ദീപ കെ.
ചീഫ് ഓഫീസർ, കമ്മ്യൂണിക്കേഷൻ
& പബ്ലിക് റിലേഷൻസ്
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്

**എഡിറ്റർ**
ദീപ കെ.
ചീഫ് ഓഫീസർ, കമ്മ്യൂണിക്കേഷൻ
& പബ്ലിക് റിലേഷൻസ്

**അസിസ്റ്റന്റ് എഡിറ്റർ**
ദിനിൽ ആർ.
സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ

**സർക്കുലേഷൻ മാനേജർ**
ജയപ്രകാശ് കെ.
അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ആഫീസർ

**കവർ & ലേ ഔട്ട്**
ദീപക് മൗത്താട്ടിൽ

**ഓഫീസ്**
കമ്മ്യൂണിക്കേഷൻ & പബ്ലിക് റിലേഷൻസ്
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ പി. ഒ., തിരുവനന്തപുരം 03
ribkerala@gmail.com
lsgdpr2024@gmail.com

## എഡിറ്റോറിയൽ

കേരളം സമ്പൂർണ മാലിന്യ മുക്തമാവുന്നു. വർഷങ്ങൾ നീണ്ട കൂട്ടായ പരിശ്രമത്തിലൂടെ, ആസൂത്രണത്തിലൂടെ ലോകത്തിന് തന്നെ മാതൃകയായി കേരളം മാലിന്യങ്ങൾക്കിടമില്ലാത്ത നാടായി മാറുകയാണ്. അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനമായ മാർച്ച് 30 ന് കേരളത്തിലെ ബഹുഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മാലിന്യമുക്തമായി പ്രഖ്യാപിച്ചു. 939 ഗ്രാമപഞ്ചായത്തുകളും 83 നഗരസഭകളും അഞ്ച് കോർപ്പറേഷനുകളുമാണ് മാലിന്യമുക്തമായി പ്രഖ്യാപിച്ചത്. നിശ്ചിത മാനദണ്ഡങ്ങൾ വിദഗ്ധർ പരിശോധിച്ച് വിലയിരുത്തിയ ശേഷമായിരുന്നു പ്രഖ്യാപനം.

2023 മാർച്ച് മാസത്തിൽ കൊച്ചിയിലെ ബ്രഹ്മപുരത്ത് മാലിന്യക്കൂനയ്ക്ക് തീ പിടിച്ചതുമായി ബന്ധപ്പെട്ടുണ്ടായ ചർച്ചകളാണ് കേരളമാകെ മാലിന്യ മുക്തമാക്കാനുള്ള പ്രവർത്തനങ്ങളിലേക്ക് നയിച്ചത്. ബ്രഹ്മപുരത്ത് മാലിന്യ ങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് 24 ഏക്കർ സ്ഥലം വീണ്ടെടുത്തു.

വീണ്ടെടുത്ത സ്ഥലത്ത് കംപ്രസ്ഡ് ബയോ ഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. പ്രതിദിനം 150 ടൺ മാലിന്യം സംസ്കരിച്ച് 15 ടൺ ബയോഗ്യാസ് ഉല്പാദിപ്പിക്കാൻ ശേഷിയുള്ള പ്ലാന്റിൽ ട്രയൽ റൺ ആരംഭിച്ചിട്ടുണ്ട്. മറ്റൊരു ഭാഗത്ത് വിശാലമായ കളിക്കളവും ഒരുങ്ങിക്കഴിഞ്ഞു. ഈ മാതൃക സംസ്ഥാനത്തൊട്ടാകെ തുടർന്ന് സമ്പൂർണ മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തിൽ നാം എത്തികഴിഞ്ഞു.

ജൈവമാലിന്യവും അജൈവ മാലിന്യവും 100 ശതമാനം ഉറവിടത്തിൽ തന്നെ തരംതിരിക്കുക, അജൈവ മാലിന്യം 100 ശതമാനം വാതിൽപ്പടി ശേഖരണത്തിലൂടെ നീക്കം ചെയ്യുക, ജൈവമാലിന്യം പരമാവധി ഉറവിടത്തിൽ തന്നെ സംസ്കരിക്കുക, മാലിന്യ കൂനകൾ ഇല്ലാത്ത വൃത്തിയുള്ള പൊതുഇടങ്ങൾ സൃഷ്ടിക്കുക, എല്ലാ ജലാശയങ്ങളിലും ഖരമാലിന്യങ്ങൾ നീക്കം ചെയ്ത് നീരൊഴുക്ക് ഉറപ്പാക്കുക എന്നിവയായിരുന്നു മാലിന്യമുക്ത കേരളത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

ദ്രവമാലിന്യ സംസ്കരണം എന്ന വെല്ലുവിളിയും കേരളം ഏറ്റെടുത്തു കഴിഞ്ഞു. ചേർത്തലയിൽ ശുചിമുറി മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചു. വിവിധ ഇടങ്ങളിൽ പത്തിലധികം ശുചിമുറി മാലിന്യ സംസ്കരണ പ്ലാന്റുകൾ നിർമ്മാണത്തിലാണ്.

ഇതിനെല്ലാം പുറമേ മാലിന്യം വലിച്ചെറിയുന്നത് സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിനായി 9446700800 എന്ന സിംഗിൾ വാട്സ് ആപ് നമ്പറും എർപ്പെടുത്തിയിട്ടുണ്ട്. തെളിവ് സഹിതം ലഭിക്കുന്ന പരാതികളിൽ നടപ ടികളും സ്വീകരിക്കുന്നുണ്ട്. ഈടാക്കുന്ന പിഴത്തുകയുടെ 25 ശതമാനം (പരമാവധി 2500 രൂപ ) സമ്മാനമായി പരാതിക്കാരന് നൽകുന്നുണ്ട്.

മാലിന്യമുക്ത നവകേരളത്തെ കുറിച്ച് കൂടുതൽ അറിയാൻ വൃത്തി കോൺക്ലേവ് പോലുള്ള പരിപാടികളും സർക്കാർ നടത്തി.

മാലിന്യങ്ങൾ ഇല്ലാത്ത, ആരോഗ്യവും പ്രതിരോധവും ഉറപ്പ് വരുത്തുന്ന ഒരു നല്ല നാടിനായി പ്രതിജ്ഞാബന്ധമായ പ്രവർത്തനങ്ങൾ നടത്തി തദ്ദേശസ്വയംഭരണ വകുപ്പ് അഭിമാനത്തോടെ മുന്നോട്ട് പോവുകയാണ്.

**ദീപ കെ.**
എഡിറ്റർ



നവകേരളം പുതുവഴികൾ

പിണറായി വിജയൻ സർക്കാർ

10-ാം വർഷത്തിലേക്ക്

കേരള സർക്കാർ

കുടുംബശ്രീ

# കുടുംബശ്രീയിലൂടെ നൈപുണ്യ പരിശീലനം...

# തൊഴിൽ നേടി 1,28,670 പേർ

റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് (RSETI) **78,832**

ഡി.ഡി.യു – ജി.കെ.വൈ **45,341**

യുവകേരളം **4,338**

സാഗർമാല **159**






# ഉള്ളടക്കം


06 മാലിന്യമുക്തം നവകേരളം ദ്രവമാലിന്യ സംസ്കരണത്തിലെ പൂർണത– ഇനി ലക്ഷ്യം

10 വൃത്തി നവകേരളത്തിനൊരു പുതുമാതൃക

20 വികസനത്തിനായി കേരള നഗര നയ കമ്മീഷൻ

28 ബ്രഹ്മപുരം മാജിക്ക്

30 മാലിന്യ സംസ്ക്കരണം, കേരളത്തിന്റെ നാൾവഴികൾ

34 ശുചിമുറി മാലിന്യസംസ്കരണത്തിനു മാതൃക കാട്ടി ചേർത്തല മുനിസിപ്പാലിറ്റി

37 പ്രധാനമന്ത്രിയുടെ പൊതു ഭരണ മികവിനുള്ള പുരസ്കാരം നേടി പരപ്പ ബ്ലോക്ക് പഞ്ചായത്ത്

38 കുടുംബശ്രീ, സ്ത്രീശാക്തീകരണത്തിന്റെ 27 വർഷങ്ങളിലൂടെ

**എം ബി രാജേഷ്**
തദ്ദേശ സ്വയംഭരണ, എക്സൈസ്, പാർലിമെന്ററികാര്യ വകുപ്പ് മന്ത്രി

മാലിന്യമുക്തം നവകേരളം

# ദ്രവമാലിന്യ സംസ്കരണത്തിലെ പൂർണത- ഇനി ലക്ഷ്യം





അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിവസമായ മാർച്ച് 30 ന് കേരളത്തിലെ ബഹുഭൂരിപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മാലിന്യമുക്തമായി പ്രഖ്യാപിച്ചു. 939 ഗ്രാമപഞ്ചായത്തുകളും 83 നഗര സഭകളും അഞ്ച് കോർപറേഷനുകളുമാണ് മാലിന്യ മുക്തമായി പ്രഖ്യാപിച്ചത്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ഖരമാലിന്യ ശേഖരണ, സംസ്കരണ സംവിധാനങ്ങളുടെ തൽസ്ഥിതി, ഹരിതപദവി, നിയമനടപടികൾ, പൊതുസ്ഥലങ്ങളുടെ വൃത്തി എന്നിങ്ങനെ സർക്കാർ നിശ്ചയിച്ച 13 മാന ദണ്ഡങ്ങൾ, വിദഗ്ധർ പരിശോധിച്ചു വിലയിരുത്തിയ ശേഷമാണ് മാലിന്യമുക്തമായി പ്രഖ്യാപിച്ചത്. നിശ്ചിത മാനദണ്ഡങ്ങൾ നിശ്ചയിച്ച് അതനുസരിച്ച് പ്രവർത്തിച്ച് ലക്ഷ്യം കണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യമുക്തമാക്കുന്ന ആദ്യത്തെ സംസ്ഥാനമാണ് കേരളം. ഖരമാലിന്യ സംസ്കരണ രംഗത്ത് കേരളം വലിയ നേട്ടങ്ങൾ കൈവരിച്ചെങ്കിലും ദ്രവമാലിന്യ പരിപാലനത്തിൽ ഇനിയും ഏറെ ദൂരം പോകാനുണ്ട്. അതിനുള്ള വിശദമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു.

2023 മാർച്ച് മാസത്തിൽ കൊച്ചിയിലെ ബ്രഹ്മപുരത്ത് മാലിന്യക്കൂനയ്ക്ക് തീപ്പിടിച്ചതുമായി ബന്ധപ്പെട്ടുണ്ടായ ചർച്ചകളുടെ ഫലം, കേരളമാകെ മാലിന്യമുക്തമാക്കാനുള്ള വിപുലമായ ഒരു കാമ്പയിൻ ഏറ്റെടുക്കുക എന്നതായിരുന്നു. അങ്ങനെ ഏറ്റെടുത്ത കാമ്പയിനിൽ വലിയൊരു ലക്ഷ്യം കൈവരിച്ചിരിക്കുന്നു. നേടിയ നേട്ടം സുസ്ഥിരമായി മുന്നോട്ടു കൊണ്ടുപോവുകയും ദ്രവമാലിന്യ സംസ്കരണ രംഗത്ത് നിശ്ചയിച്ച ലക്ഷ്യങ്ങൾ പൂർത്തിയാക്കാനുള്ള ചിട്ടയായ പ്രവർത്തനങ്ങൾ നടത്തുകയും വേണം.

ജൈവ മാലിന്യവും അജൈവമാലിന്യവും 100 ശതമാനവും ഉറവിടത്തിൽ തന്നെ തരം തിരിക്കുക, അജൈവമാലിന്യം 100% വാതിൽപ്പടി ശേഖരണത്തിലൂടെ നീക്കം ചെയ്യുക, ജൈവമാലിന്യം പരമാവധി ഉറവിടത്തിൽ തന്നെ സംസ്കരിക്കുക, മാലിന്യ കൂനകൾ ഇല്ലാത്ത വൃത്തിയുള്ള പൊതു ഇടങ്ങൾ സൃഷ്ടിക്കുക, എല്ലാ ജലാശയങ്ങളിലും ഖരമാലിന്യങ്ങൾ നീക്കം ചെയ്ത് നീരൊഴുക്ക് ഉറപ്പാക്കുക എന്നിവയായിരുന്നു 'മാലിന്യമുക്തം നവകേരള'ത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

2023 മാർച്ച് മാസവുമായി താരതമ്യം ചെയ്താൽ 2025 ജനുവരി മാസത്തിൽ മാലിന്യ പരിപാലന രംഗത്ത് വലിയ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്ഥാപനങ്ങളിൽ നിന്നും വീടുകളിൽ നിന്നുമുള്ള വാതിൽപ്പടി ശേഖരണം 47 ശതമാനത്തിൽ നിന്നും 99 ശതമാനമായി വർദ്ധിച്ചു (ഹരിതമിത്രം ആപ്പിലെ കണക്ക്). 8827270 വീടുകളിലും സ്ഥാപനങ്ങളിലുമാണ് ഹരിതകർമസേന മാർച്ച് മാസത്തിൽ എത്തി അജൈവമാലിന്യം ശേഖരിച്ചത്. യൂസർ ഫീ ശേഖരിക്കുന്നത് 2023 ലെ 34.9 ശതമാനത്തിൽ നിന്നും 2025 മാർച്ചിൽ 72 ശതമാനമായി ഉയർന്നു. ഈ കാലയളവിൽ മിനി എംസിഎഫുകൾ 7446ൽ

**2023 മാർച്ച് മാസവുമായി താരതമ്യം ചെയ്താൽ 2025 ജനുവരി മാസത്തിൽ മാലിന്യ പരിപാലന രംഗത്ത് വലിയ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്ഥാപനങ്ങളിൽ നിന്നും വീടുകളിൽ നിന്നുമുള്ള വാതിൽപ്പടി ശേഖരണം 47 ശതമാനത്തിൽനിന്നും 99 ശതമാനമായി വർദ്ധിച്ചു**



നിന്നും 21103 ആയി വർദ്ധിച്ചു. എം സി എഫു കൾ 1160ൽ നിന്നും 1339 ആയും ആർ ആർ എഫു കൾ 87ൽ നിന്നും 192 ആയും വർദ്ധിച്ചു. ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം 33378ൽ നിന്നും 37134 ആയി. എംപാനൽ ചെയ്ത സ്വകാര്യ ഏജൻസികൾ 74ൽ നിന്നും 284 ആയി. 3557 സിസിടിവി ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തി. സർക്കാർ സ്ഥാപനങ്ങൾ, ടൂറിസം കേന്ദ്രങ്ങൾ, പൊതു ഇടങ്ങൾ, ബസ് സ്റ്റാൻഡ്, മാർക്കറ്റ് എന്നിവിടങ്ങളിലായി ഇതുവരെ 32735 വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചി ട്ടുണ്ട്. 17032 ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചു.

ക്ളീൻ കേരള കമ്പനിയുടെ കണക്കനുസരിച്ച് 2024-25 സാമ്പത്തികവർഷം 61664.05 ടൺ മാലിന്യം ശേഖരിച്ചു. (2023-24 സാമ്പത്തികവർഷം ഇത് 30217 ടൺ ആയിരുന്നു). ഇതിൽ 18433 ടൺ തരംതിരിച്ച് പുനരുപയോഗത്തിന് കൈമാറി. അജൈവമാലിന്യ ത്തിന്റെ 29.9 ശതമാനം റീ സൈക്ലിങ്ങിന് കൈമാറി.

ലോക ബാങ്ക് സഹായ പദ്ധതിയായ കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP) വഴി മാലിന്യക്കൂനകളില്ലാത്ത സംസ്ഥാനമെന്ന ലക്ഷ്യം നേടുന്നതിനുള്ള പ്രവർത്തനം ഊർജിതമായി നടക്കുന്നു. ആകെയുള്ള 59 മാലിന്യക്കൂന കളിൽ 24 എണ്ണം പൂർണമായും നീക്കം ചെയ്തു. ബ്രഹ്മപുരം ഉൾപ്പെടെ 10 എണ്ണത്തിലെ പണി അവസാനഘട്ടത്തിൽ. 20 നഗരങ്ങളിലെ മാലിന്യക്കൂന കൾ നീക്കം ചെയ്ത് ഭൂമി വീണ്ടെടുക്കുന്നതിനുള്ള ബയോ മൈനിങ് പദ്ധതിക്ക് കേരള ഖരമാലിന്യ പ രിപാലന പദ്ധതി വഴി തുടക്കം കുറിച്ചിട്ടുണ്ട്. ഇതിനായി 95.24 കോടി രൂപയുടെ രണ്ട് കരാറുകളായിട്ടുണ്ട്. ചാലക്കുടി, ഇരിട്ടി, കളമശ്ശേരി, കൽപറ്റ , കാസറഗോഡ്, കായംകുളം, കൂത്താട്ടുകുളം, കോതമംഗലം, കൊട്ടാരക്കര, കുന്ദംകുളം, കൂത്തുപ റമ്പ്, മലപ്പുറം, മഞ്ചേരി, മാവേലിക്കര, മൂവാറ്റുപുഴ, വടക്കൻ പറവൂർ, പാലക്കാട്, കോട്ടയം, വടകര, വടക്കാഞ്ചേരി എന്നീ നഗരങ്ങളിലാണ് ആദ്യ ഘട്ടത്തിൽ പദ്ധതി നടപ്പാക്കുന്നത്. വർഷങ്ങളായി കെട്ടിക്കിടക്കുന്ന 70849 ടൺ ലെഗസി വേസ്റ്റ് ശാസ്ത്രീയമായി സംസ്കരിച്ച് 60 ഏക്കർ ഭൂമി വീണ്ടെടുക്കുന്ന പ്രവൃത്തി രണ്ട് മാസത്തിനുള്ളിൽ പൂർത്തിയാകും. 2980 ടൗണുകൾ ഹരിത ടൗണുകളായി പ്രഖ്യാപിച്ചു. 3152 പൊതുസ്ഥലം/ മാർക്കറ്റ് ഹരിതകേന്ദ്രങ്ങളായി. 303872 കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ 297495 എണ്ണവും ഹരിതപദവി നേടി. 58566 സ്ഥാപനങ്ങളാണ് ഹരിതപദവി നേ ടിയത്. 14536 സ്കൂളുകളിൽ 14321 സ്കൂളുകളും 1410 കോളേജുകളിൽ 1388 എണ്ണവും ഹരിത പദവി നേടി. 327 ഡസ്റ്റിനേഷനുകളെ ഹരിത ടൂറിസം ഡസ്റ്റിനേ ഷനുകളായി പ്രഖ്യാപിച്ചു.

ശാസ്ത്രീയ മാലിന്യ സംസ്കരണം നിയമം വഴി ഉറപ്പാക്കുന്നതിനായി കേരള പഞ്ചായത്തിരാജ്, ന ഗരപാലിക നിയമങ്ങളിൽ ഭേദഗതി കൊണ്ടുവന്നതും ജില്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന എൻഫോഴ്സ്മെന്റ് ടീമുകൾ, ജനങ്ങൾക്ക് പരാതിപ്പെടാനുള്ള ഒറ്റ വാട്സ് ആപ്പ് നമ്പർ തുടങ്ങിയ നടപടികളും വിപുലമായ ബോധവത്കരണ പരിപാടികളും ശക്തമായ എൻഫോഴ്സ്മെന്റും കേരളത്തെ മാലിന്യമുക്തമാ ക്കാൻ കാര്യമായി സഹായിച്ച ഘടകങ്ങളാണ്. എൻഫോഴ്സ്മെന്റ് പരിശോധനകൾ 2023-24 ൽ 1138 ആയിരുന്നത് 2024-25 ൽ 52202 ആയി വർധിച്ചു. പിഴ തുക 2.9 ലക്ഷം രൂപയിൽ നിന്ന് 5.70 കോടിയായി വർധിച്ചു.

## ദ്രവമാലിന്യ സംസ്കരണം

ദ്രവമാലിന്യ സംസ്കരണമാണ് ഇനി കേരളം നേരിടുന്ന ഏറ്റവും ഗൗരവമുള്ള മാലിന്യപ്രശ്നം. സംസ്ഥാനത്തെ ജലസ്രോതസ്സുകൾ വലിയ തോതിൽ

മലിനമായിക്കൊണ്ടിരിക്കുന്നു. വീടുകളിലെ കക്കൂസ് മാലിന്യം കിണറുകളിലെ വെള്ളത്തിൽ കലരുന്നു. കിണർ വെള്ളത്തിൽ അപകടകരമായ കോളിഫോം ബാക്ടീരിയയുടെ അളവ് 78 ശതമാനമാണ്. മറ്റ് ജലാശയങ്ങളിലും വൻ തോതിൽ മാലിന്യം കലരുന്നു. 86 ശതമാനം ജലാശയങ്ങളിലും അപകടകരമായ അളവിൽ കോളിഫോം ബാക്ടീരിയ ഉണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്. ഹൗസ് ബോട്ടുകളിൽ നിന്ന് ജലാശയങ്ങളിൽ കലരുന്ന മാലിന്യങ്ങൾ, വീടുകളിൽ നിന്ന് ശേഖരിക്കുന്ന കക്കൂസ് മാലിന്യം ജലാശയങ്ങളിൽ കൊണ്ടുപോയി തള്ളുന്നത് മൂലമുള്ള മലിനീകരണം എന്നിവയും മറ്റ് മാലിന്യങ്ങൾ തള്ളുന്നതു മൂലമുള്ള മലിനീകരണവും രൂക്ഷമാണ്. ഇതിന് പരിഹാരം കക്കൂസ് മാലിന്യത്തിന്റെ ശാസ്ത്രീയമായ സംസ്കരണമാണ്. ഇപ്പോൾ സെപ്റ്റിക് ടാങ്കുകളിൽ ശേഖരിക്കപ്പെടുന്ന കക്കൂസ് മാലിന്യത്തിന്റെ നാല് ശതമാനം മാത്രമേ ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ വഴി ശാസ്ത്രീയമായി സംസ്കരിക്കുന്നുള്ളൂ. ആധുനിക ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകളിലൂടെ പലതവണ സംസ്കരിക്കപ്പെട്ട് പുറത്തുവരുന്ന വെള്ളം കുടിക്കാൻ വരെ ഉപയുക്തമാണ്. ഇത്തരം പ്ലാന്റുകൾ ഒരു തരത്തിലുള്ള മലിനീകരണവും ഉണ്ടാക്കുന്നില്ല; മലിനീകരണമെന്ന പ്രശ്നത്തെ പരിഹരിക്കുകയാണ് ചെയ്യുന്നത്. കേരളത്തിൽ ഇത്തരം ആധുനികമായ ശാസ്ത്രീയ മാലിന്യ പരിപാലന പ്ലാന്റുകൾ സ്ഥാപിച്ച് മാത്രമേ ഗുരുതരമായ ദ്രവമാലിന്യ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുകയുള്ളൂ. വികേന്ദ്രീകരിക്കപ്പെട്ട ചെറിയ പ്ലാന്റുകൾ സ്ഥാപിക്കുകയാണ് ശരിയായ മാർഗം. അതിനായി ഒരുക്കങ്ങൾ തുടങ്ങുമ്പോൾ തന്നെ പ്രതിഷേധം ഉയരുകയാണ്. ജലാശയങ്ങളിൽ മാലിന്യം കൊണ്ട് തള്ളുന്നതിനോടോ കിണറുകളിൽ മാലിന്യം കലരുന്നതിനോടോ എതിർപ്പില്ല. അത് പരിഹരിക്കാനുള്ള പ്ലാന്റുകൾക്കെതിരെയാണ് പ്രതിഷേധം. എങ്ങനെയാണ് ഇത്തരം പ്ലാന്റുകൾ പ്രവർത്തിക്കുന്നതെന്ന് നേരിട്ട് കണ്ട് മനസ്സിലാക്കുന്നവർ പിന്നീട് പ്രതിഷേധത്തിൽ നിന്ന് പിന്മാറുന്നുണ്ട്.

ചേർത്തലയിൽ ഇത്തരമൊരു പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരെ വലിയ പ്രതിഷേധമുയർന്നതാണ്. ചേർത്തലയിൽ നേരിട്ടുപോയി പ്രതിഷേധക്കാരെ കാണുകയും സംസാരിക്കുകയും ചെയ്തതിനു ശേഷം അവരെ തിരുവനന്തപുരം മുട്ടത്തറയിൽ ദ്രവമാലിന്യ സംസ്കരണ പ്ലാന്റ് സന്ദർശിക്കാൻ ക്ഷണിച്ചു. മുട്ടത്തറയിൽ വന്ന് പ്ലാന്റിന്റെ പ്രവർത്തനം കണ്ട് മനസ്സിലാക്കിയ ചേർത്തലയിലെ പ്രതിഷേധക്കാർ പ്ലാൻറ് സ്ഥാപിക്കുന്നതിനെ അനുകൂലിച്ചു. അങ്ങനെ നിർമാണം പൂർത്തിയാക്കിയ ചേർത്തലയിലെ പ്ലാന്റ് വളരെ നന്നായി ഇപ്പോൾ പ്രവർത്തിക്കുന്നു.

മുട്ടത്തറക്കു (107 എം.എൽ.ഡി) പുറമേ കൊച്ചി (5 എം എൽ ഡി), ഗുരുവായൂർ (3 എം.എൽ.ഡി), പടന്നപ്പാലം കണ്ണൂർ( 1 എം.എൽ.ഡി), എറണാകുളം മറൈൻഡ്രൈവ് ( 0.9 എം.എൽ.ഡി), എറണാകുളം കലൂർ( 0.75 എം.എൽ.ഡി), എറണാകുളം വെല്ലിങ്ടൺ ( 100 കെ.എൽ.ഡി), എറണാകുളം ബ്രഹ്മപുരം( 100 കെ.എൽ ഡി), മാടക്കത്തറ തൃശ്ശൂർ (10 കെ.എൽ.ഡി), കൽപ്പറ്റ ( 10 കെ.എൽ.ഡി) എന്നീ ദ്രവമാലിന്യ പ്ലാന്റുകളും നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ദ്രവ മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ നിശ്ചയിച്ചിട്ടുള്ള എല്ലാ പ്ലാൻറുകളും ( STP/ FSTP) പ്രവർത്തന സജ്ജമാക്കേണ്ടതുണ്ട്.

മാലിന്യം വലിച്ചെറിയുന്നത് സംബന്ധിച്ച പരാതികൾ അറിയിക്കാൻ **9446700800** എന്ന സിംഗിൾ വാട്സ് ആപ്പ് നമ്പർ ഏർപ്പെടുത്തി. തെളിവുകളുടെ അടിസ്ഥാനത്തിൽ ഇത്തരം പരാതി നൽകുന്നവർക്ക് ഈടാക്കുന്ന പിഴത്തുകയുടെ 25 ശതമാനം (പരമാവധി 2500 രൂപ) പാരിതോഷികവും നൽകുന്നു.

അന്താരാഷ്ട്ര തലത്തിൽ നിരവധി നേട്ടങ്ങളുമായി കേരളം തിളങ്ങിനിൽക്കുമ്പോഴും നമുക്ക് അഭിമാനിക്കാൻ കഴിയാത്ത മേഖലയായി നിലനിന്ന മാലിന്യപ്രശ്നം പരിഹരിക്കാനുള്ള മഹായത്നം വലിയൊരു നേട്ടമാണ് കൈവരിച്ചിരിക്കുന്നത്. ജനങ്ങളുടെ പൂർണമായ പങ്കാളിത്തത്തോടെയും അവബോധത്തോടെയും മാത്രമേ മാലിന്യമുക്ത കേരളം സുസ്ഥിരമായി നിലനിർത്താൻ കഴിയുകയുള്ളൂ. നമ്മുടെ നാടിനെ വൃത്തിയായും ഭംഗിയായും ലോകത്തിനു മുന്നിൽ അവതരിപ്പിക്കുകയെന്നത് എല്ലാ കേരളീയരുടെയും കർത്തവ്യമാണ്. അതിൽ എല്ലാ വിഭാഗം ജനങ്ങളെയും സമ്പൂർണമായി അണിനിരത്തി വിപുലമായ ജനകീയ പ്രസ്ഥാനമായി "മാലിന്യമുക്തം നവകേരളം" തുടരണം.

**ചേർത്തലയിൽ ഇത്തരമൊരു പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരെ വലിയ പ്രതിഷേധമുയർന്നതാണ്. ചേർത്തലയിൽ നേരിട്ടുപോയി പ്രതിഷേധക്കാരെ കാണുകയും സംസാരിക്കുകയും ചെയ്തതിനു ശേഷം അവരെ തിരുവനന്തപുരം മുട്ടത്തറയിൽ ദ്രവമാലിന്യ സംസ്കരണ പ്ലാന്റ് സന്ദർശിക്കാൻ ക്ഷണിച്ചു.**



# വൃത്തി

## നവകേരളത്തിനൊരു പുതുമാതൃക

**ജഗ്ജീവൻ**
കൺസൾട്ടന്റ്, ശുചിത്വ മിഷൻ, കേരള

കേരളം എന്നും ജനങ്ങളുടെ ജീവിതനിലവാരത്തിലും ആരോഗ്യസൂചികകളിലും ഉൾപ്പെടെ നിരവധി കാര്യങ്ങളിൽ രാജ്യത്തിനും ലോകത്തിനും മാതൃകയാണ്. മാലിന്യസംസ്കരണ രംഗത്തും അത്തരമൊരു മാതൃക തീർക്കുകയാണ് കേരളം. ഇക്കഴിഞ്ഞ മാർച്ച് 30 ന് അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനത്തിൽ, മാലിന്യസംസ്കരണ രംഗത്ത് സംസ്ഥാന സർക്കാർ നിർണയിച്ച 13 മാനദണ്ഡങ്ങൾ പാലിച്ച് സംസ്ഥാനത്തെ 1034 തദ്ദേശഭരണസ്ഥാപനങ്ങളിൽ 1027-ഉം ശുചിത്വമികവിലേക്കുയർന്നു. പൊതുസ്ഥലങ്ങളിൽ ചവറുകൂനകൾ കാണുന്ന കാഴ്ച്ചയിൽനിന്ന് പതുക്കെപ്പതുക്കെ ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും തരംതിരിക്കാനും കഴിയുന്നത്ര ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്ക്കരിക്കാനും അജൈവമാലിന്യങ്ങൾ ശേഖരിച്ച് കൃത്യമായി സംസ്കരണകേന്ദ്രങ്ങളിലെത്തിച്ച് റീസൈക്ലിങ് ഉൾപ്പെടെ ഉചിതമായ സംസ്കരണ നടപടികളിലെത്തിക്കാനും ഇന്ന് കേരളത്തിനു കഴിയുന്നു. അതിനായി 37134 ഹരിതകർമസേനാംഗങ്ങളുൾപ്പെടെ വലിയൊരു ശുചിത്വസേന കേരളത്തിൽ ഇന്നു പ്രവർത്തിക്കുന്നു.

### വൃത്തിയിലേക്ക് എത്തിയതെങ്ങനെ?

മാലിന്യ സംസ്കരണം മുഖ്യമായും തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലയിൽ ആണല്ലോ. എന്നാൽ ഒരു അൻപതുവർഷം മുമ്പ് ഈ ചുമതല വളരെ ലഘുവായിരുന്നു. നഗരങ്ങൾ കേരളത്തിൽ കുറവ്. നഗരമായാലും ഗ്രാമമായാലും ഇന്നത്തെപ്പോലെ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങളുടെ കൂമ്പാരം

ഇല്ല. പൊതുസ്ഥലങ്ങൾ വൃത്തിയാക്കുക എന്ന ചുമതലയ്ക്കപ്പുറം അന്ന് വെല്ലുവിളിയായിരുന്നത് തുറസ്സായ സ്ഥലങ്ങളിലെ വിസർജനമായിരുന്നു. ഇതിനുള്ള പരിഹാരം മുഴുവൻ വീടുകളിലും കക്കൂസ് സംവിധാനം ഏർപ്പെടുത്തുക എന്നതായിരുന്നു. അതിനുള്ള പ്രവർത്തനങ്ങളിലൂടെ ഒരു ദശകം മുമ്പുതന്നെ കേരളം സമ്പൂർണ്ണ വെളിയിട വിസർജന വിമുക്ത സംസ്ഥാനമായി മാറിയിരുന്നു.

എന്നാൽ ശരിക്കുള്ള വെല്ലുവിളി പിന്നീടാണ് തുടങ്ങുന്നത്. നമ്മുടെ ഗ്രാമങ്ങൾ പതുക്കെ നഗര സ്വഭാവത്തിലേക്ക് മാറി. ഇന്ന് 60 – 70% നഗര സ്വഭാവമുള്ള പ്രദേശമാണ് കേരളം. ഈ വികസനത്തിന്റെ ഒരു അനന്തരഫലമാണ് കുന്നുകൂടുന്ന മാലിന്യങ്ങൾ. പ്ലാസ്റ്റിക്കിന്റെ ഉപയോഗം വർദ്ധിച്ചതും ജീവിത ശൈലിയിൽ വന്ന മാറ്റങ്ങളുമൊക്കെ അതിന് ആക്കംകൂട്ടി. ആവശ്യം കഴിഞ്ഞാൽ വലിച്ചെറിയുക എന്നതായി മാറി മലയാളിയുടെ പൊതുശീലം. അങ്ങനെ നാടും നഗരവും ജലാശയങ്ങളും എല്ലാം മാലിന്യങ്ങൾകൊണ്ട് നിറഞ്ഞു.

ഈ വെല്ലുവിളിയെയാണ് കേരളം ഇപ്പോൾ ചങ്കുറപ്പോടെ നേരിട്ടത്. മലിന്യങ്ങളെ അഴുകുന്ന അഥവാ ജൈവം എന്നും മണ്ണിൽ അഴുകി ചേരാത്ത അഥവാ അജൈവമെന്നും തരംതിരിച്ച് കൈകാര്യം ചെയ്യാൻ ജനങ്ങളെ പഠിപ്പിച്ചു. അങ്ങനെയാണ് കേരളം വിജയവഴിയിലെത്തിയത്.

ഇന്ത്യയിൽ ഒറ്റപ്പെട്ട നഗരങ്ങളിൽ ഇത്തരത്തിൽ മികച്ച പ്രവർത്തനങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞേക്കാം. എന്നാൽ ഒരു സംസ്ഥാനമൊട്ടാകെ ഗ്രാമ-നഗരവ്യത്യാസമില്ലാതെ ഇത്തരത്തിൽ ശുചിത്വ മികവിലേക്കെത്തുക എന്ന നേട്ടം മറ്റൊരു സംസ്ഥാനത്തും ഇല്ല. അതിന്റെയർഥം മാലിന്യ സംസ്കരണരംഗത്ത് എല്ലാം പരിഹരിച്ചുവെന്നല്ല. സമാനതകളില്ലാത്ത മികവിലേക്ക് നാം ഉയർന്നു എന്നു പറയുമ്പോഴും ഇനിയും പരിഹരിക്കേണ്ട പ്രശ്നങ്ങളും ഇടപെടേണ്ട മേഖലകളുമുണ്ട്. നേടിയ നേട്ടങ്ങൾ സുസ്ഥിരമാക്കേണ്ടതുണ്ട്. അത്തരത്തിൽ നേട്ടങ്ങളെ അടയാളപ്പെടുത്തുന്നതിനും സുസ്ഥിരതയ്ക്കുള്ള വഴികളന്വേഷിക്കുന്നതിനും പരിഹരിക്കേണ്ട പ്രശ്നങ്ങളിലേക്ക് ശ്രദ്ധയൂന്നുന്നതിനും ലക്ഷ്യമിട്ട് തിരുവനന്തപുരത്ത് സംഘടിപ്പിച്ച ദേശീയതല കോൺക്ലേവാണ് വൃത്തി – 2025.

ഏപ്രിൽ 9 മുതൽ 13 വരെ തിരുവനന്തപുരം കനകക്കുന്നിലാണ് വൃത്തി 2025 ദേശീയ കോൺക്ലേവ് നടന്നത്.

മാലിന്യസംസ്കരണ രംഗവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളെപ്പറ്റിയും വിശദമായ ചർച്ചകൾക്കും പരിഹാരാന്വേഷണങ്ങൾക്കും വഴിയൊരുക്കുക, ഈ രംഗത്തെ കേരളത്തിന്റെ സവിശേഷതകൾ അടയാളപ്പെടുത്തുക, മറ്റു സ്ഥലങ്ങളിലെ വിദഗ്ധർ, മാതൃകകൾ എന്നിവയിൽ നിന്നു പഠിക്കുക, മാലിന്യസംസ്കരണരംഗത്തെ നേട്ടങ്ങൾ സുസ്ഥിരമാക്കുന്നതിനുള്ള



ജനകീയ അവബോധം ശക്തിപ്പെടുത്തുക, ഈ രംഗത്തെ സാങ്കേതികമുന്നേറ്റങ്ങളും നിക്ഷേപ സാധ്യതകളും പ്രയോജനപ്പെടുത്താനുള്ള വേദിയൊരുക്കുക, തദ്ദേശഭരണസ്ഥാപനങ്ങളുടെ മാലിന്യമുക്ത പ്രവർത്തനങ്ങളിലെ മികച്ച മാതൃകകളെ പരിചയപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുക തുടങ്ങിയവയായിരുന്നു ഈ കോൺക്ലേവിന്റെ മുഖ്യ ലക്ഷ്യങ്ങൾ.

കേരളത്തെ പൂർണമായും മാലിന്യമുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ 2023 മാർച്ചിൽ തുടങ്ങിയ ‘മാലിന്യമുക്തം നവകേരളം’ പ്രവർത്തന-പ്രചാരണ പരിപാടി വഴി കേരളം കൈവരിച്ച മികച്ച നേട്ടങ്ങളും വികസിപ്പിച്ച മാതൃകകളും പരീക്ഷിച്ച് വിജയം കണ്ട സാങ്കേതിക വിദ്യകളും നാടിൻെറ വൃത്തിക്കായി പണിയെടുത്ത വ്യക്തികളും സംഘടനകളും തുടങ്ങി എതിർപ്പ് പ്രകടിപ്പിക്കുന്നവരുടെ ആശങ്കകളും വ്യത്യസ്ത രാഷ്ട്രീയപ്പാർട്ടികളുടെ

ആശയസംവാദവും വരെ എല്ലാറ്റിനെയും ഒരൊറ്റ കുടക്കീഴിൽ കൊണ്ടു വരിക എന്നിവയും കോൺക്ലേവിലൂടെ ഉദ്ദേശിച്ചിരുന്നു.

ഈ ലക്ഷ്യങ്ങളെല്ലാം തൃപ്തികരമായി നേടാൻ കഴിഞ്ഞു എന്ന് മാത്രമല്ല, സംസ്ഥാനത്താകെ വൻപിച്ച ജനകീയാവബോധവും ശ്രദ്ധയും നേടാനും ഈ രംഗത്തെ തുടർപ്രവർത്തനങ്ങൾക്കു ആത്മവിശ്വാസം സർക്കാരിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നല്കാനും ഈ കോൺക്ലേവിന് സാധിച്ചു. സാധാരണ ഇത്തരം കോൺക്ലേവുകളിൽ ടെക്നിക്കൽ സെഷനുകളും തദ്ദേശഭരണസ്ഥാപന പ്രതിനിധികളും മാത്രം പങ്കെടുക്കുന്നതിൽ നിന്നു വ്യത്യസ്തമായി ജനങ്ങൾ വലിയതോതിൽ പങ്കെടുത്ത ഒരു കോൺക്ലേവ് കൂടിയായി ഇതു മാറി. തദ്ദേശഭരണ വകുപ്പ് സംഘടിപ്പിച്ച് ശുചിത്വമിഷൻ ഏകോപനം നിർവഹിച്ച കോൺക്ലേവിൽ ഹരിതകേരളം മിഷൻ, കേരള ഖരമാലിന്യ പരിപാലന പദ്ധതി, ക്ലീൻ കേരള കമ്പനി, കുടുംബശ്രീ, കില, അമൃത്, തൊഴിലുറപ്പു പദ്ധതി, സ്മാർട്ട് സിറ്റി, ഇൻഫർമേഷൻ കേരള മിഷൻ, ഇംപാക്ട് കേരള, തിരുവനന്തപുരം കോർപ്പറേഷൻ തുടങ്ങിയ ഏജൻസികളും സ്ഥാപനങ്ങളും വകുപ്പുകളും സംഘാടനത്തിൽ പങ്കെടുത്തിരുന്നു കേരളത്തിലെ മിക്കവാറും എല്ലാ തദ്ദേശസ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികളും പരിപാടിയിൽ പങ്കെടുത്തു.



## കേരളം ലോകത്തിന് മാതൃക

മനുഷ്യ വികസന സൂചികകളിൽ അടക്കം ജനകീയ ഇടപെടലിലൂടെ വൻ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള സംസ്ഥാനമെന്ന നിലയിൽ മാലിന്യനിർമാർജനത്തിൽ ലോകത്തിന് മാതൃകയാകുന്ന പ്രവർത്തനങ്ങൾ കേരളം ഏറ്റെടുക്കണമെന്ന് കോൺക്ലേവ് ഉദ്ഘാടനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

2016 ൽ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി മാലിന്യനിർമാർജനത്തെ പ്രധാന അജണ്ടയായി ഏറ്റെടുത്തു. വികേന്ദ്രീകൃത സംസ്കരണത്തിനുള്ള അറിവ് വ്യാപകമാക്കുക, ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക, അതിലേക്കുള്ള സാങ്കേതികവിദ്യകൾ ലഭ്യമാക്കുക ഇതെല്ലാമായിരുന്നു ആദ്യഘട്ടത്തിലെ ലക്ഷ്യം. അതിന്റെ തുടർച്ചയായാണ് സർക്കാർ മാലിന്യമുക്ത നവകേരളം ക്യാമ്പയിന് തുടക്കമിട്ടത്. കഴിഞ്ഞ ഒക്ടോബർ രണ്ടിന് രണ്ടാംഘട്ടം ഉദ്ഘാടനം ചെയ്തു. ക്യാമ്പയിൻ നല്ല നിലയിൽ മുന്നോട്ടു പോകുന്നു എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. 1339 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകളും 21103 മിനി എം സി എഫ് സി സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. 17032 ബോട്ടിൽ ബൂത്തുകളും 192 റിസോഴ്സ് റിക്കവറി ഫെസിലിറ്റീസ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ക്ലീൻ കേരള കമ്പനി ലിമിറ്റഡാണ് ഇതിന് നേതൃത്വം നൽകുന്നത്.

മുപ്പത്തിയേഴായിരത്തിലധികം വരുന്ന ഹരിത കർമ്മസേന അംഗങ്ങളിലൂടെ കഴിഞ്ഞ ഒരുവർഷത്തിനുള്ളിൽ 61664 ടൺ മാലിന്യം ശേഖരിക്കാനായി. മുന്നേമുക്കാൽ ലക്ഷത്തോളം ചതുരശ്രയടിയിൽ മാലിന്യം ശേഖരണ സംവിധാനങ്ങൾ ഒരുക്കി. 1019 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക ആപ്ലിക്കേഷൻ തയ്യാറാക്കി. അൻപത്തിരണ്ടായിരത്തോളം എൻഫോഴ്സ്മെന്റ് പരിശോധനകളിലൂടെ 5.70 കോടി രൂപയുടെ പിഴ ചുമത്തി. 89 ലക്ഷം വീടുകൾ വഴിയുള്ള മാലിന്യനീക്കം ഡിജിറ്റൽ ട്രാക്കിംഗ് സംവിധാനത്തിലേക്ക് മാറ്റി. 284 സ്വകാര്യ ഏജൻസികളെയാണ് മാലിന്യ സംസ്കരണത്തിനായി എംപാനൽ ചെയ്തിരിക്കുന്നത്. 19489 പഞ്ചായത്ത്- നഗരസഭ വാർഡുകളിൽ 19093 എണ്ണവും 1034 തദ്ദേശ സ്ഥാപനങ്ങളിൽ 1027 എണ്ണവും മാലിന്യമുക്തമായി പ്രഖ്യാപിക്കാനായി. സർക്കാർ നിശ്ചയിച്ചിട്ടുള്ള മാലിന്യനിർമാർജന മാനദണ്ഡങ്ങളിൽ 80 ശതമാനവും പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയാണ് മാലിന്യമുക്തമായി പ്രഖ്യാപിച്ചതെന്നും അദ്ദേഹം പറഞ്ഞു.

മാലിന്യനിർമാർജനരംഗത്ത് കേരളം നടപ്പാക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് സംശയമുള്ളവർക്ക് അത് ദൂരീകരിക്കുന്നതിനും മാലിന്യനിർമാർജന രംഗത്ത്




സമഗ്ര മുന്നേറ്റത്തിന് വഴിതുറക്കുന്നതിനും കോൺക്ലേവിലൂടെ കഴിയുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

ബ്രഹ്മപുരം തീപിടുത്തമാണ് മാലിന്യമുക്ത നവകേരളം ക്യാമ്പയിനിലേക്ക് വഴിതെളിച്ചതെന്ന് പരിപാടിയിൽ അദ്ധ്യക്ഷനായിരുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് പറഞ്ഞു. ആപത്തിനെ അവസരമാക്കി മാറ്റി. ഒന്നും അസാദ്ധ്യമല്ലെന്നതിന് തെളിവാണ് നിലവിലെ അവസ്ഥ. ഹരിതകർമ സേന കേരളത്തിന്റെ സമാനതകളില്ലാത്ത ശുചിത്വ സൈന്യമാണെന്നും അദ്ദേഹം പറഞ്ഞു. മാലിന്യങ്ങളുടെ വിറ്റുവരവിലൂടെ 348.9 കോടി രൂപ ഹരിതകർമ സേനയ്ക്ക് ഈ വർഷം വരുമാനമായി ലഭിച്ചതായും മന്ത്രി പറഞ്ഞു.

കോൺക്ലേവിലെ എക്സിബിഷന്റേയും ഭക്ഷ്യമേളയുടേയും ഉദ്ഘാടനം റവന്യു വകുപ്പ് മന്ത്രി കെ രാജനും മാതൃകാ വില്ലേജിന്റേയും വേസ്റ്റ്ടു ആർട്ട് ഇൻസ്റ്റലേഷന്റേയും ഉദ്ഘാടനം വനം, വന്യജീവി വകുപ്പ് മന്ത്രി എ കെ ശശീന്ദ്രനും നിർവഹിച്ചു. വേസ്റ്റ് മാനേജ്മെന്റ് ഇന്റൺഷിപ്പ് പോർട്ടൽ വി.കെ. പ്രശാന്ത് എംഎൽഎയും ഒമ്നി പ്രോസസർ പ്ലാന്റ്, മുട്ടത്തറ പദ്ധതി പ്രഖ്യാപനവും കരാർ കൈമാറലും മേയർ ആര്യ രാജേന്ദ്രനും നിർവഹിച്ചു. ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ ആമുഖാവതരണം നടത്തി. തദ്ദേശ സ്വയംഭരണ വകുപ്പ് സെപെഷ്യൽ സെക്രട്ടറി അനുപമ ടി വി മാലിന്യ സംസ്കരണ സമഗ്ര റിപ്പോർട്ട് അവതരിപ്പിച്ചു.

കോൺഫറൻസുകൾ, സെമിനാറുകൾ, ബിസിനസ്സ് മീറ്റ്, പ്രതിഷേധക്കാരുമായി തുറന്ന ചർച്ച, രാഷ്ട്രീയപ്പാർട്ടികളുമായി സംവാദം, പരിശീലന സെഷനുകൾ, വേസ്റ്റത്തോൺ, അവാർഡുകൾ പ്രദർശനങ്ങൾ, ലൈവ് ഡെമോൺസ്ട്രേഷനുകൾ, വേസ്റ്റ്ടു ആർട്ട് ഇൻസ്റ്റലേഷനുകൾ, തദ്ദേശഭരണസ്ഥാപനങ്ങളുടെ മികച്ച മാതൃകകളുടെ അവതരണങ്ങൾ, പ്രചാരണപ്രവർത്തനങ്ങൾ, മാധ്യമസംവാദങ്ങൾ, ഭക്ഷ്യമേള, കലാപരിപാടികൾ എന്നിവയായിരുന്നു പ്രധാനമായും ഈ പരിപാടിയിൽ നടന്നത്.

കേരളത്തിനകത്തും പുറത്തും വലിയതോതിൽ ബഹുജനശ്രദ്ധയാകർഷിക്കാൻ ഈ ഇവന്റിനു കഴിഞ്ഞു. പങ്കാളിത്തം കൊണ്ടും ഈ കോൺക്ലേവ് ഏറെ ശ്രദ്ധേയമായി. 60000 ത്തിലേറെപ്പെർ അഞ്ചുദിവസത്തെ ഈ പരിപാടിയിൽ എത്തിച്ചേർന്നു. 12080 പേരാണ് ഈ കോൺക്ലേവിൽ രജിസ്റ്റർ ചെയ്ത് പങ്കെടുത്തത്. സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള 1200 തദ്ദേശസ്ഥാപനങ്ങളിൽ 1122 സ്ഥാപനങ്ങളിൽ നിന്ന് പങ്കാളിത്തമുണ്ടായി. അതായത് 93.5 ശതമാനം. അന്യസംസ്ഥാനങ്ങളിൽ നിന്നും വിവിധ ജില്ലകളിൽ നിന്നും ഒട്ടേറെപ്പേർ ഈ കോൺക്ലേവ് കാണാനായി മാത്രം എത്തി.

## പ്രി ഈവന്റുകൾ

കോൺക്ലേവിന്റെ ഒരു സവിശേഷത മാർച്ച് 10 മുതൽ ആരംഭിച്ച പ്രി ഈവന്റ് പ്രവർത്തനങ്ങളായിരുന്നു. ഇരുപതിനായിരത്തിലേറെ വാർഡുകളിൽ ശുചിത്വപ്രഖ്യാപനങ്ങൾ റാലികളും ഒത്തുചേരലുകളുമൊക്കെയായി നടന്നു. 1034 ൽ 1027 തദ്ദേശസ്ഥാപനങ്ങൾ മാർച്ച് 30 നും തുടർന്നുള്ള ദിവസങ്ങളിലുമായി പ്രഖ്യാപനം നടത്തി. തുടർന്ന് ജില്ലാതല പ്രഖ്യാപനങ്ങളും നടന്നു.

## കോൺഫറൻസുകൾ, സെമിനാറുകൾ

മൂന്നു ദിവസം നാല് വേദികളിലായി നടന്ന കോൺഫറൻസുകളിലും സെമിനാറുകളിലും

വർക്ക്ഷോപ്പുകളിലുമായി 78 സെഷനുകൾ നടന്നു. 12 സംസ്ഥാനങ്ങളിൽ നിന്നായി 178 വിദഗ്ധരും 90–ലേറെ സ്ഥാപനങ്ങളുടെ പ്രതിനിധികളും പങ്കെടുത്തു. ഏഴു പ്രധാന തീമുകൾ: ദ്രവമാലിന്യ സംസ്കരണം, ഖരമാലിന്യ പരിപാലനം, കാലാവസ്ഥാ പ്രതിരോധം, സർക്കുലർ ഇക്കോണമി, നിയമവും നയപരമായ ഇടപെടലുകളും, മീഡിയ, ഐഇസി എന്നിവ. ഐഐടി ബോംബെ, യൂണിസെഫ്, ജിഐഐഐഎഡ്സഡ്, സിഐഎസ്ആർ, ഐഐടി പാലക്കാട് എന്നിവർക്കൊപ്പം ഗ്രീൻവർംസ്, ബാങ്കാബിയോ, സ്റ്റോൺസൂപ്പ് പോലുള്ള സ്റ്റാർട്ടപ്പുകളും പങ്കെടുത്തു.

## ബിസിനസ്സ് മീറ്റ്

കോൺക്ലേവിൽ എടുത്തുപറയേണ്ട ഒന്ന് ബിസിനസ്സ് മീറ്റാണ്. 79 നിക്ഷേപകരും സ്റ്റാർട്ടപ്പുകളും പങ്കെടുത്തു. കെ.എസ്.ഐ.ഡി.സി., സ്ററാർട്ടപ്പ് മിഷൻ തുടങ്ങി നിരവധി സ്ഥാപനങ്ങളും പങ്കെടുത്തു. വ്യവസായ വകുപ്പുമന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. 72 സംരംഭകരിൽ നിന്നായി 3211 കോടി രൂപയുടെ നിക്ഷേപക വാഗ്ദാനങ്ങൾ അതിൽ വന്നു. ബി.പി.സി.എല്ലും സർക്കാരും കൊച്ചി കോർപ്പറേഷനുമായി സിബിജി പ്ലാന്റിനുള്ള കരാറും നിലവിൽ വന്നു.

ഇതിനുപുറമേ കേരളത്തിലെ സ്ലഡ്ജ് കൈകാര്യം ചെയ്യുന്നതിനായുള്ള ഓമ്നിപ്രോസസർ പ്ലാന്റ് മുട്ടത്തറ എസ്.ടി.പി.യിൽ സ്ഥാപിക്കുന്നതിനായി അങ്കൂർ സയന്റിഫിക്കും തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനും ജല അതോറിട്ടിയും ചേർന്ന് എം.ഒ.യുവും ഒപ്പുവച്ചിട്ടുണ്ട്. ഈ പ്ലാന്റ് പൂർണമായും ഗെയ്റ്റ്സ് ഫൌണ്ടേഷന്റെ ധനസഹായത്തോടു കൂടിയാണ് നിർമിക്കുന്നത്.

## തുറന്ന സമീപനം – പ്രതിഷേധക്കാരുമായി ചർച്ച

മാലിന്യസംസ്കരണ മേഖലയിലെ വിവിധ പ്രതിഷേധ പരിപാടികളിൽ പങ്കെടുക്കുന്നവരുമായിട്ടുള്ള മുഖാമുഖം 'മിഥ്യകളും യഥാർത്ഥ്യങ്ങളും' ഈ കോൺക്ലേവിന്റെ മറ്റൊരു സവിശേഷതയാണ്. എഫ്എസ്ടിപി, സാനിറ്ററി ലാൻഡ് ഫില്ലുകൾ, ചിക്കൻ റെൻഡറിങ് പ്ലാന്റുകൾ, എം.സി.എഫുകൾ, ആർആർഎഫുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് 13 ഇടങ്ങളിൽ നിന്ന് 22 പ്രതിനിധികൾ പങ്കെടുത്തു. അവർ ഇത്തരം മാതൃകകൾ ഫീൽഡിൽ സന്ദർശിക്കുകയും ചെയ്തു. മിക്കവാറും എല്ലാവരും തന്നെ വസ്തുതകൾ ബോധ്യപ്പെട്ടതോടെ പദ്ധതികളുമായി സഹകരിക്കാമെന്ന ബോധ്യത്തോടെയാണ് പിരിഞ്ഞത്.

## രാഷ്ട്രീയപ്പാർട്ടികളുമായി ചർച്ച

രാഷ്ട്രീയപ്പാർട്ടികളുമായുള്ള ചർച്ചയിൽ ഭരണ-പ്രതിപക്ഷപ്പാർട്ടികളിലെ നേതാക്കൾ പങ്കെടുത്തു.

## വൃത്തി– വേസ്റ്റത്തോണിന് ലഭിച്ചത് മികച്ച സ്വീകരണം

വൃത്തി കോൺക്ലേവിനോടനുബന്ധിച്ച് മാലിന്യ സംസ്കരണ മേഖലയിലെ പുതിയ കണ്ടുപിടിത്തങ്ങളും ഗവേഷണങ്ങളും പ്രോൽസാഹിപ്പിക്കുന്നതിനായി സംഘടിപ്പിച്ച വേസ്റ്റത്തോണിന് ലഭിച്ചത് മികച്ച സ്വീകരണം. വിദ്യാർഥികൾ, സ്റ്റാർട്ടപ്പുകൾ, സ്ഥാപനങ്ങളും പൊതുജനങ്ങളും എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലായി നടത്തിയ മൽസരത്തിൽ സ്റ്റാർട്ടപ്പുകളിൽ നിന്ന് 21 ഉം വിദ്യാർഥികളിൽ നിന്ന് 23 ഉം സ്ഥാപനങ്ങളും പൊതുജനങ്ങളും എന്ന വിഭാഗത്തിൽ നിന്ന് 12 ഉം ഉൾപ്പെടെ ആകെ 56 ആശയങ്ങളാണ് വേസ്റ്റത്തോണിൽ മൽസരിച്ചത്. വിദ്യാർഥികളുടെ വിഭാഗത്തിൽ മൽസരിച്ച തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളജിലെ എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് ബിരുദാനന്തര ബിരുദ വിദ്യാർഥി ധനുഷ് വിജയ് ഒന്നാം സമ്മാനമായ ഒരു ലക്ഷം രൂപയ്ക്ക് അർഹനായി.

ഇതിന് പുറമെ വിവിധ വിഭാഗങ്ങളിലായി ഖരമാലിന്യ സംസ്കരണ മേഖലയിൽ അഞ്ചും ദ്രവ മാലിന്യ സംസ്കരണ മേഖലയിൽ മൂന്നും ആശയങ്ങൾക്ക് അവയുടെ തുടർ ഗവേഷണ വികസന സാധ്യതകൾ പരിഗണിച്ച് പ്രോൽസാഹന സമ്മാനങ്ങൾ നല്കിയിട്ടുണ്ട്. ഡോ. ജെന്നിഫർ ജോസഫ് (ബ്ലൂനോവ എക്കോഹബ്), സൗരബ് സാക്കറേയും സംഘവും (സിഎസ്ഐആർ-എൻഐഐഎസ്ടി), മുഹമ്മദ് ഇക്ബാൽ ടി (ചെന്നൈ ഐഐടി), മാത്യു സെബാസ്റ്റ്യൻ (ലിവിംഗ് വാട്ടർഫൈൻ ടെക്നോളജീസ്), ശരവണൻ ജി (എൻഐടി തിരുച്ചിറപ്പള്ളി), ആഷിഷ് ഷാജനും സംഘവും (സെയ്ന്റ്ഗിറ്റ്സ് കോളജ് കോട്ടയം), നിതിൻ അനിൽ (ടീംസ്റ്റാർബേസ്), ദിലീപ് മാത്യു പോൾ (വിവിഫിക്ക സസ്റ്റെയ്നബിൾ സൊല്യൂഷൻസ്) എന്നിവരാണ് 25,000 രൂപ വീതമുള്ള പ്രോൽസാഹന സമ്മാനത്തിന് അർഹരായത്.




മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിൽ കക്ഷിരാഷ്ട്രീയത്തിനപ്പുറമുള്ള സഹകരണം എല്ലാവരും വാഗ്ദാനം ചെയ്തു.

## മികച്ച മാതൃകകളുടെ അവതരണങ്ങൾ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി കഴിഞ്ഞ രണ്ട് വർഷ കാലയളവിൽ നിരവധി മാതൃകാ പ്രവർത്തനങ്ങളാണ് സംസ്ഥാനത്താകെ രൂപപ്പെട്ടിട്ടുള്ളത്. ഈ മാതൃകകൾ അവതരിപ്പിക്കാനുള്ള സെഷനുകളും സംഘടിപ്പിച്ചിരുന്നു. മാലിന്യസംസ്കരണ രംഗത്ത് മികച്ച പ്രവർത്തനം നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഇതര സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും അവതരണങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയത്. വ്യത്യസ്തമായ 18 വിഷയങ്ങളിൽ ആകെ 19 സെഷനുകൾ നടന്നു. ആകെ 143 അവതരണങ്ങളും സംഘടിപ്പിക്കപ്പെട്ടു. 106 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ. 13 സ്വകാര്യ സംരംഭങ്ങൾ, സ്വകാര്യ ഏജൻസികളും തദ്ദേശസ്ഥാപനങ്ങളും സംയുക്തമായി നടത്തുന്ന മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, പത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എട്ട് ആരോഗ്യ സ്ഥാപനങ്ങൾ, നാല് ഇതര സ്ഥാപനങ്ങൾ (BWG), മൂന്ന് വ്യക്തികൾ എന്നിവരാണ് പങ്കെടുത്തത്. മുഴുവൻ സെഷനിലും കൂടി ഏകദേശം 2300 പേരുടെ പങ്കാളിത്തം ഉറപ്പാക്കാൻ സാധിച്ചു.

## പരിശീലന സെഷനുകൾ

ഹരിതകർമസേനാംഗങ്ങൾക്കും കുടുംബശ്രീ ബാലസഭാംഗങ്ങൾക്കുമുള്ള പരിശീലന സെഷനുകൾ കോൺക്ലേവിൽ നടന്ന ശ്രദ്ധേയമായ പരിപാടികളിലൊന്നായി.

## അവാർഡുകൾ

മാലിന്യമുക്ത പ്രഖ്യാപനങ്ങളുടെ ഭാഗമായി വാർഡ് തലത്തിൽ 78,000 അവാർഡുകളും, തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ (ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ലോക്ക് പഞ്ചായത്ത്) 12600 അവാർഡുകൾ, ജില്ലാതലത്തിൽ 350 ലേറെ അവാർഡുകൾ എന്നിവ നല്കി. സംസ്ഥാന തലത്തിൽ 18 വിഭാഗങ്ങളിലായി 80 ലധികം അവാർഡുകൾ കോൺക്ലേവിൽ വിതരണം ചെയ്തു.

## പ്രദർശനങ്ങൾ

വൃത്തി 2025 ന്റെ ഭാഗമായി സംഘടിപ്പിച്ച പ്രദർശനം മാലിന്യ സംസ്കരണ രംഗത്തെ നൂതന സാങ്കേതിക സംവിധാനങ്ങളുടെ വൈവിധ്യം കൊണ്ട് സമ്പന്നമായിരുന്നു. അടുക്കള മാലിന്യം, ശുചിമുറി, കക്കൂസ് മാലിന്യം, സാനിറ്ററി മാലിന്യം, ഇലക്ട്രോണിക് മാലിന്യം, തുടങ്ങി ആധുനിക ജീവിത രീതിയുടെ ഭാഗമായി ഉത്പാദിപ്പിക്കപ്പെടുന്ന എല്ലാത്തരത്തിലുമുള്ള മാലിന്യങ്ങളും അപകടരഹിതമായി സംസ്കരിക്കുന്നതിനുള്ള ലളിതവും പ്രായോഗികവുമായ യന്ത്രസംവിധാനങ്ങളുടെ ഒരു നിര തന്നെ വിവിധ സ്റ്റാളുകളിൽ ഉണ്ടായിരുന്നു. കൂടാതെ ബദൽ ഉല്പന്നങ്ങളുടെ വലിയ ശ്രേണിതന്നെ പ്രദർശനങ്ങളുടെ ഭാഗമായിരുന്നു. വിവിധ സ്വകാര്യ സംരംഭകർ, ബിസിനസ് ഏജൻസികൾ സ്റ്റാർട്ട്അപ്പുകൾ എന്നിവരുടേതായി ആകെ 159 സ്റ്റാളുകൾ ഉണ്ടായിരുന്നു. ഇതിൽ പ്രാദേശിക സംരംഭകർ മുതൽ അന്തർദേശീയ തലത്തിൽ ശ്രദ്ധേയരായവർ വരെ പങ്കെടുത്തു. വിവിധ അക്കാദമിക് സ്ഥാപനങ്ങളുടെ സ്റ്റാളുകൾ ജനശ്രദ്ധ ആകർഷിച്ചു. 46 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പ്രദേശത്ത് നടത്തിയ വിജയകരമായ മാതൃകാപ്രവർത്തനങ്ങളുമായി സ്റ്റാളുകളൊരുക്കി. കൂടാതെ 14 ജില്ലാ ശുചിത്വ മിഷനുകളും തങ്ങളുടെ ജില്ലയിലെ മികവാർന്ന പ്രവർത്തനങ്ങൾ സ്റ്റാളുകളിൽ പ്രദർശിപ്പിച്ചു. വൃത്തി കോൺക്ലേവിൽ പങ്കാളികളായ സർക്കാർ ഏജൻസികൾ അവരുടെ സ്റ്റാളുകൾ പ്രത്യേകമായി ഒരുക്കിയത് ശ്രദ്ധേയമായിരുന്നു.

ലൈവ് ഡെമോയുടെ ഭാഗമായി ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ, മൊബൈൽ STP, റോഡ് സ്വീപ്പിങ് മെഷീൻ, സക്ഷൻ കം ജെട്ടിങ് മെഷീൻ, മിനി റോഡ് സ്വീപ്പർ, ഇലക്ട്രിക് ഓപൺ & ക്ലോസ്ഡ് വേസ്റ്റ് കളക്ഷൻ കാർട്ട്, വാട്ടർ എ.ടി.എം., ബയോഡൈജസ്റ്റർ ടാങ്ക്, കണ്ടെയ്നർ കമ്പോസ്റ്റിംഗ് മെഷീൻ, ഡ്രൈനേജ് ക്ലീനിങ് ബാന്റികൂട്ട് റോബോട്ട്, പ്ലാസ്റ്റിക് റീസൈക്ലിങ് മെഷീൻസ് എന്നിങ്ങനെ 13 ഓളം മാലിന്യ സംസ്കരണ ഉപാധികളുടെ പ്രവർത്തനവും

വിശദീകരിക്കുകയുണ്ടായി.

ഇതിന്റെ ഭാഗമായി ഒരുക്കിയ "വൃത്തിയൂർ - മാതൃകാഗ്രാമം" എന്ന പ്രദർശനം ഏറ്റവും കൂടുതൽ ശ്രദ്ധിക്കപ്പെട്ട ഒന്നായിരുന്നു.

നിഷ്ക്രിയ മാലിന്യങ്ങളുടെ പരിപാലനത്തിനായി നിർമ്മിക്കപ്പെടേണ്ട ശാസ്ത്രീയ ലാൻഡ് ഫില്ലിന്റെ മാതൃക കെ.എസ്.ഡബ്ല്യു.എം.പി. ഒരുക്കിയത് വൃത്തി കോൺക്ലേവിലെ പ്രധാന ആകർഷണങ്ങളിൽ ഒന്നായിരുന്നു. കെ.എസ്.ഡബ്ല്യു.എം.പി. ഒരുക്കിയ ഗെയിമിങ് ഉൾപ്പെടെയുള്ള എല്ലാ സ്റ്റാളുകളും ബോധവത്കരണത്തിന് സഹായകമായി.

## വേസ്റ്റ് ടു ആർട്ട് ഇൻസ്റ്റലേഷനുകൾ

ഈ കോൺക്ലേവിനെ ഏറ്റവും ആകർഷകമാക്കിയത് പാഴ്‌വസ്തുക്കൾ ഉപയോഗിച്ചു നടത്തിയ ഇൻസ്റ്റലേഷനുകളായിരുന്നു. പ്രവേശനകവാടത്തിലെ ഇൻസ്ററലേഷൻ ഐക്കോണിക് ആയിമാറി.



21 ടൺ പ്ലാസ്റ്റിക് വേസ്ററുകൾ, ഒരു ടൺ തുണി, ഒരു ടൺ പ്ലാസ്റ്റിക് വേസ്റ്റ്, 4000 ബോട്ടിൽ ക്യാപ്പുകൾ എന്നിവ മുഖ്യആർട്ടിസ്റ്റായ ശബരീഷിന്റെ ടീം ഉപയോഗിച്ചു. മിനേഷ് എന്ന ആർട്ടിസ്റ്റും ജില്ലകളിൽ നിന്നുള്ള ഇൻസ്റ്റലേഷനുകളിലുമെല്ലാം വിവിധതരം പാഴ് വസ്തുക്കൾ ഉപയോഗിച്ച് മനോഹരമായ ഇൻസ്റ്റലേഷനുകൾ ഒരുക്കിയിരുന്നു.

## പ്രചാരണം, മാധ്യമസഹകരണം, ഡോക്യുമെന്റേഷൻ

14 ജില്ലാ മാധ്യമ ശില്പശാലകൾ പത്രപ്രവർത്തകയൂണിയനുമായി ചേർന്ന് നടത്തി. 400ലേറെ മാധ്യമപ്രവർത്തകർ പങ്കെടുത്തു. പ്രാദേശികമാധ്യമപ്രവർത്തകർക്കും സോഷ്യൽമീഡിയ ഇൻഫ്ളൂവെൻസർമാർക്കുമായും ശില്പശാലകൾ ഏതാനും ജില്ലകളിൽ നടന്നു. ഇവയെല്ലാം മാലിന്യസംസ്കരണ പ്രവർത്തനങ്ങളെ കൂടുതൽ നന്നായി മനസ്സിലാക്കി ഈ വിഷയത്തിൽ ജനകീയ അവബോധപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന് മാധ്യമപ്രവർത്തകർക്ക് അവസരമൊരുക്കി.

പ്രിന്റ് മീഡിയ, വിഷ്വൽ മീഡിയ, സോഷ്യൽ മീഡിയ, തദ്ദേശഭരണസ്ഥാപനങ്ങളിലെ മികച്ച ഐഇസി പ്രവർത്തനങ്ങൾ തുടങ്ങി മേഖലകളിൽ മൂന്ന് വിദഗ്ധ ചർച്ച നടന്നു. വികസനോൻമുഖ മാധ്യമപ്രവർത്തനം നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ റൂബൻ ബാനർജി, ലിസ് മാത്യു, വെങ്കിടേഷ് രാമകൃഷ്ണൻ, ലീന രഘുനാഥ് തുടങ്ങിയ പ്രശസ്തമായ ദേശീയ മാധ്യമപ്രവർത്തകരുടെ ഓപ്പൺഫോറവും എട്ട് ദേശീയ മാധ്യമ പ്രവർത്തകരുടെ സംഘത്തിന്റെ മൂന്നു ദിന ഫീൽഡ് വിസിറ്റും നടന്നു.

പ്രചാരണത്തിനായി സംഘടിപ്പിച്ച റീൽസ് മത്സരത്തിൽ 172 എൻട്രികൾ ലഭിച്ചു. ഇതുകൂടാതെ കോൺക്ലേവിനായി 200 ലേറെ റീലുകളും വീഡിയോകളും ഉൾപ്പെടുന്ന സോഷ്യൽ മീഡിയ പ്രചാരണവും സംഘടിപ്പിച്ചിരുന്നു.. മാധ്യമങ്ങൾ നല്ല സഹകരണമാണ് ഈ കോൺക്ലേവിനു നല്കിയത്. കോൺക്ലേവുമായി ബന്ധപ്പെട്ട് ഏപ്രിൽ 8 മുതൽ 13 വരെ എല്ലാ ദിവസവും 6-8 പേജുകളുള്ള ന്യൂസ് ലെറ്ററുകൾ തയ്യാറാക്കി വ്യാപകമായി പ്രചരിപ്പിച്ചിരുന്നു.

മാലിന്യപരിപാലനം കേരളത്തിൽ, നാൾവഴികൾ, നേട്ടങ്ങൾ, വെല്ലുവിളികൾ എന്ന പേരിൽ 40 പേജുള്ള ഒരു ബഹുവർണ പുസ്തകം തയാറാക്കി 18000 കോപ്പികൾ വിതരണം ചെയ്തു.

## സമാപനം

മാലിന്യ സംസ്കരണത്തിൽ കേരളം രാജ്യത്തിനു തന്നെ മാതൃകയാണെന്നും കേരളീയനെന്ന് അറിയ

## മാലിന്യ സംസ്കരണം;
## ആമ്പല്ലൂരിനും ഗുരുവായൂരിനും കോഴിക്കോടിനും പുരസ്കാരം

തിരുവനന്തപുരം: സംസ്ഥാനത്ത് ഏറ്റവും മികച്ച മാലിന്യ സംസ്കരണ പ്രവർത്തനം നടപ്പാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുള്ള പുരസ്കാരത്തിന് എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തും ഗുരുവായൂർ മുനിസിപ്പാലിറ്റിയും കോഴിക്കോട് കോർപറേഷനും അർഹരായി. പഞ്ചായത്തുകളിൽ കോഴിക്കോട് ജില്ലയിലെ മണിയൂർ രണ്ടാം സ്ഥാനവും ആലപ്പുഴ ജില്ലയിലെ പുന്നപ്ര സൗത്ത് പഞ്ചായത്ത് മൂന്നാം സ്ഥാനവും നേടി. കണ്ണൂർ ജില്ലയിലെ ആന്തൂരും മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയും മുനിസിപ്പാലിറ്റികളുടെ വിഭാഗത്തിൽ രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. തൃശൂർ കോർപറേഷനാണ് കോർപറേഷൻ വിഭാഗത്തിൽ രണ്ടാം സ്ഥാനം. ആറ്റുകാൽ പൊങ്കാല, സംസ്ഥാന സ്കൂൾ കലോത്സവം എന്നീ പരിപാടികളുമായി ബന്ധപ്പെട്ട് മികച്ച മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തിയ തിരുവനന്തപുരം കോർപറേഷന് പ്രത്യേക പുരസ്കാരം ലഭിച്ചു. വൃത്തി 2025ന്റെ സമാപന സമ്മേളനത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ പുരസ്കാരങ്ങൾ സമ്മാനിച്ചു.

പ്പെടുന്നതിൽ അഭിമാനിക്കുന്നുവെന്നും ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. വൃത്തി 2025 കോൺക്ലേവിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ വിജയത്തിന്റെ പ്രധാന കാരണം ജനങ്ങളുടെ പങ്കാളിത്തമാണ്. മന്ത്രി എം.ബി രാജേഷിന്റെ നേതൃത്വത്തിൽ ജനങ്ങളും ഉദ്യോഗസ്ഥരും ഒരുമിച്ചു നേടിയ വിജയം മുഴുവൻ കേരളീയരുടേയും വിജയമാണ്. ഇപ്പോഴത്തെ പ്രവർത്തനങ്ങളിലൂടെ നേടിയെടുത്ത വൃത്തി, സ്ഥിരമായ ഒന്നല്ലെന്നും വൃത്തി ഒരു ശീലമായി മാറണമെന്നും അദ്ദേഹം പറഞ്ഞു. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തമാണെന്ന ബോധമുണ്ടാകണം. ഉറവിട കേന്ദ്രീകൃതമായ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ വ്യാപകമാക്കണം. അതിലൂടെ വൃത്തിശീലം ജനജീവിതത്തിന്റെ ഭാഗമാക്കാനും അടുത്ത തലമുറയ്ക്ക് പകർന്നു നൽകാനും സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. മാലിന്യ സംസ്കരണ പ്ലാന്റുകളുമായി ബന്ധപ്പെട്ട എതിർപ്പുകളിൽ സമവായമുണ്ടാക്കാനായി എന്നതാണ് വൃത്തി 2025 കോൺക്ലേവിന്റെ ഏറ്റവും വലിയ നേട്ടമെന്നും ഗവർണർ പറഞ്ഞു.

കേരളത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷൻ ഡോക്യുമെന്റ് ഗവർണർ പ്രകാശനം ചെയ്തു. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അവാർഡുകൾ ഗവർണർ സമ്മാനിച്ചു. സമാപന സമ്മേളനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി എം.ബി. രാജേഷ് അധ്യക്ഷനായി. വി.കെ. പ്രശാന്ത് എംഎൽഎ, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അനുപമ ടി.വി. തുടങ്ങിയവർ പങ്കെടുത്തു.



## ബ്രഹ്മപുരം ബയോഗ്യാസ് പ്ലാന്റ്;
# ത്രികക്ഷി കരാറിൽ ഒപ്പുവെച്ചു

തിരുവനന്തപുരം: കേരളത്തിന്റെ മാലിന്യ സംസ്കരണ മേഖലയിലെ നിർണായക ചുവടുവെപ്പായ കൊച്ചി ബ്രഹ്മപുരം കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റ് സംബന്ധിച്ച ത്രികക്ഷി കരാർ ഒപ്പുവെച്ചു. വൃത്തി 2025 ദേശീയ കോൺക്ലേവിന്റെ ഭാഗമായി മാസ്കറ്റ് ഹോട്ടലിൽ സംഘടിപ്പിച്ച ബിസിനസ് മീറ്റിൽ സംസ്ഥാന സർക്കാറും കൊച്ചി കോർപറേഷനും ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡുമാണ് കരാറിൽ ഒപ്പുവെച്ചത്. സംസ്ഥാന സർക്കാറിനു വേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അനുപമ ടി വി, ബിപിസിഎൽ എക്സിക്യൂട്ടീവ് ഡയറക്ടർ ശങ്കർ.എം, കൊച്ചി കോർപ്പറേഷൻ സെക്രട്ടറി പി.എസ്. ഷിബു എന്നിവരാണ് ത്രികക്ഷി കരാറിൽ ഒപ്പ് വെച്ചത്. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ്, കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. എം. അനിൽകുമാർ തുടങ്ങിയവർ പങ്കെടുത്തു.

## കലാപരിപാടികൾ

വൃത്തിയിലേക്ക് യുവജനതയെ ആകർഷിക്കാനും അതിലൂടെ മാലിന്യസംസ്കരണ അവബോധം ഉണ്ടാക്കാനും വൃത്തിയിലെ സാംസ്കാരിക പരിപാടികൾക്ക് കഴിഞ്ഞിട്ടുണ്ട്. കെ.എസ്. ഹരിശങ്കർ. റീമ കല്ലിങ്കൽ, ആശാ ശരത്, തുടങ്ങിയവരുടെ സംഗീത, നൃത്ത പരിപാടികളും ഓട്ടൻതുള്ളൽ, പപ്പറ്റ് ഷോ തുടങ്ങിയ കാമ്പയിൻ സന്ദേശങ്ങൾ ഉൾക്കൊണ്ട നിരവധി കലാരൂപങ്ങളും തദ്ദേശസ്ഥാപന ജീവനക്കാരുടെയും ഹരിതകർമസേനാംഗങ്ങളുടെയും കലാപരിപാടികളും ഇതിന്റെ ഭാഗമായി നടന്നു. പരിപാടികളിൽ വൻപിച്ച ജനപങ്കാളിത്തമുണ്ടായിരുന്നു.

രണ്ട് ഡോക്യൂമെന്ററി പ്രദർശനങ്ങൾ – where on earth does this water go, ജലമുദ്ര – എന്നിവയുമുണ്ടായിരുന്നു.

## ഭക്ഷ്യമേള

കുടുംബശ്രീ യൂണിറ്റുകൾ സംഘടിപ്പിച്ച ഭക്ഷ്യമേളയിലൂടെ സമ്മിറ്റിന് എത്തിച്ചേർന്ന പ്രതിനിധികൾക്കും കാഴ്ചക്കാർക്കും വിഭവ സമൃദ്ധമായ ഭക്ഷണം ലഭ്യമാക്കി. 30 ലക്ഷം രൂപയുടെ വ്യാപാരമാണ് നടന്നത്.

## മറ്റുള്ളവ

സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ നിന്ന് ഈ പ്രവർത്തനങ്ങളിൽ പ്രതിബദ്ധരായ 130 വോളന്റിയർമാർ പല ഷിഫ്റ്റുകളിലായി പ്രവർത്തിച്ചു. ഇതുകൂടാതെ വിവിധ ഏജൻസികളുടെ ജില്ലാ മിഷനുകളിലെ പ്രവർത്തകരും വിവിധ ചുമതലകൾ നിർവഹിച്ചു.



വൃത്തി കോൺക്ലേവ് മറ്റു പലതരത്തിലും ശ്രദ്ധേയമായി എന്നതിനൊപ്പം വൃത്തിക്കും ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിനും മാതൃകയാവുകയും ചെയ്തു.

വൃത്തി കോൺക്ലേവിൽ പല വേദികളും സ്റ്റാളുകളും ഓല മേഞ്ഞവയായിരുന്നു. അത്യാവശ്യം ഉപയോഗിച്ച പ്രചാരണ ബോർഡുകൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയുള്ള പൂർണ മായും റീസൈക്കിൾ ചെയ്യാവുന്ന സിംഗിൾ ലയർ പോളി എത്തിലീൻ ഉപയോഗിച്ചാണ് തയാറാക്കിയത്. ഓരോ ബോർഡിലും മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന ക്യൂആർ കോഡും, പ്രിന്റിങ് യൂണിറ്റിന്റെ പേരും പതിച്ചി ട്ടുണ്ടായിരുന്നു. ഇവയെല്ലാം റീസൈക്കിൾ ചെയ്ത് പെൻ ഹോഡിങ്, വേസ്റ്റ് ബിൻ തുടങ്ങിയ വസ്തു ക്കളാക്കിമാറ്റും. വൃത്തി കോൺക്ലേവിന്റെ സവിശേഷത അലക്ഷ്യമായി വലിച്ചെറിയപ്പെട്ട വസ്തുക്കൾ തീരെയില്ലായിരുന്നു എന്നതാണ്. പതിനായിരങ്ങൾ ദിവസവും പങ്കെടുത്ത ഇത്തരമൊരു മേളയിൽ സാധാരണ വൈകുന്നേരമായാൽ ചപ്പുചവറുകൾ നിറയുന്ന കാഴ്ച്ചയുണ്ടാകുമല്ലോ. അതൊന്നും ഇവിടെ ഇല്ലായിരുന്നു. ജനങ്ങളും ആ വൃത്തിബോധത്തിലേക്ക് വരുന്നു എന്നതിന്റെ കൂടി തെളിവാണത്.

കോൺക്ലേവ് കാലയളവിൽ പരിസരപ്ര ദേശങ്ങളും കനകക്കുന്നും വൃത്തിയോടെ സൂക്ഷി ക്കാൻ നഗരസഭയും ഹരിതകർമസേനാംഗങ്ങളും വോളണ്ടിയർമാരും കൃത്യമായി പ്രവർത്തിച്ചു. ഒരു ഹെൽത്ത് ഓഫീസറുടെ നേതൃത്വത്തിൽ 3 ഹെൽത്ത് സൂപ്പർവൈസർമാർ, 38 ഹെൽത്ത് ഇൻസ്പെക്ടർമാർ, 36 ശുചീകരണത്തൊഴിലാളികൾ, 6 പോയിന്റ് ഡ്യൂട്ടി വർക്കർമാർ, 150 ഗ്രീൻ പ്രോട്ടോക്കോൾ വോളന്റിയർമാർ എന്നിവരാണ് പ്രവർത്തിച്ചത്. നഗരം മുഴുവനായും ഓരോ 50 മീറ്ററിനും പ്രത്യേക ഹരിതകർമസേനാം ഗങ്ങളും സേവനം ചെയ്തു. നഗരത്തിലാകെ 50 മീറ്റർ ഇടവേളയിൽ ഇരട്ടബിൻ സംവിധാനവും സ്ഥാപിച്ചി രുന്നു. ഏറ്റവും ആകർഷകമായി കണ്ട ഒന്ന് കനകക്കുന്നിൽ ഉപയോഗിച്ച പ്ലാസ്റ്റിക് കുടിവെള്ള ക്കുപ്പികളും തടിയും ചേർത്തുണ്ടാക്കിയ വേസ്റ്റ് ബിന്നുകളായിരുന്നു. അവ ഒരു കലാശില്പമായി മാറി.

കോൺക്ലേവിന്റെ ഭാഗമായുണ്ടായ 2000 കിലോ അജൈവമാലിന്യങ്ങളും 4950 കിലോ ജൈവമാലിന്യ ങ്ങളും നഗരസഭ ശേഖരിച്ചു. കോൺക്ലേവിന്റെ ഫുഡ് കോർട്ടിൽ ഉപയോഗശേഷം ശേഖരിച്ച 40000 ലിറ്റർ ജലം മുട്ടത്തറ പ്ലാന്റിലെത്തിച്ച് ദിവസവും സംസ്കരിച്ചി രുന്നു.

കോൺക്ലേവ് കഴിയുമ്പോൾ പൊളിച്ചുനീക്കുന്ന വയൊഴികെ കാര്യമായ പാഴ്വസ്തുക്കൾ ഇല്ലായി രുന്നു. ഉള്ളവയാകട്ടെ നഗരസഭ ജീവനക്കാരും ഹരിതകർമസേനയുമെല്ലാം ചേർന്ന് ക്ലീനാക്കുകയും ചെയ്തു.

അഞ്ചുനാൾ നീണ്ട വൃത്തി ദേശീയ കോൺക്ലേവ് അതിഗംഭീര വിജയമായിരുന്നു. ഉള്ളടക്കത്തിലെ വൈവിധ്യം, ജനപങ്കാളിത്തം വിവിധ വിഷയങ്ങളിൽ നടന്ന കനപ്പെട്ട ചർച്ചകളും സെമിനാറുകളും, ബിസിനസ്സ് മീറ്റിൽ വന്ന നിക്ഷേപവാഗ്ദാനങ്ങൾ, വേസ്റ്റത്തോൺ, പാഴ്വസ്തുക്കൾ ഉപയോഗപ്പെടുത്തിയ ഇൻസ്റ്റലേഷനുകൾ, കലാപരിപാടികൾ തുടങ്ങി എല്ലാം കൊണ്ടും അങ്ങേയറ്റം സാർഥകമായ ഒന്നായി മാറി വൃത്തി കോൺക്ലേവ്

## മാലിന്യനിർമാർജ്ജനരംഗത്ത് 5000 കോടിയിലധികം നിക്ഷേപിക്കാൻ കമ്പനികൾ തയ്യാർ

തിരുവനന്തപുരം: മാലിന്യ നിർമാർജ്ജനരംഗത്ത് 5000 കോടിയിലധികം രൂപയുടെ നിക്ഷേപത്തിന് സന്നദ്ധത അറിയിച്ച് വൻകമ്പനികൾ രംഗത്ത്. സാനിറ്ററി, ആർ ഡി എഫ്, ജൈവ-അജൈവ മാലിന്യം, സംയോജിത മാലിന്യ നിർമാർജ്ജന പ്ലാന്റുകൾ, വേസ്റ്റ് ടു എനർജി പ്ലാന്റുകൾ, ദ്രവമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ, റീസൈക്ലിങ് - അപ് സൈക്ലിങ് സംരംഭങ്ങൾ, മൊബൈൽ ട്രീറ്റ്മെന്റ് പ്ലാന്റുകൾ, മറ്റ് മാലിന്യ നിർമ്മാർജ്ജന പദ്ധതികളിലെല്ലാം നിക്ഷേപിക്കാൻ തയ്യാറായാണ് വിവിധ കമ്പനികൾ മുന്നോട്ട് വന്നിരിക്കുന്നത്. റീസസ്റ്റൈനബിലിറ്റി പ്രൈ.ലി, ബിപിസിഎൽ, മലബാർ സിമന്റ്സ് എന്നീ പ്രധാന കമ്പനികൾ ഉൾപ്പെടെയാണ് വലിയ രീതിയിലുള്ള നിക്ഷേപം നടത്തുവാനായി മുന്നോട്ട് വന്നിരിക്കുന്നത്.

തദ്ദേശ സ്വയംഭരണവകുപ്പ് തിരുവനന്തപുരം കനകക്കുന്നിൽ സംഘടിപ്പിച്ച 'വൃത്തി' അന്താരാഷ്ട്ര ക്ലീൻ കേരള കോൺക്ലേവിന്റെ ഭാഗമായുള്ള ബിസിനസ് മീറ്റിൽ പങ്കെടുത്താണ് കമ്പനികൾ സന്നദ്ധത അറിയിച്ചത്. തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ നടന്ന പരിപാടിയിൽ 79 പ്രമുഖ കമ്പനികളിൽ നിന്നായി 142 പേർ പങ്കെടുത്തു. രണ്ട് സെഷനുകളിലായി നടന്ന പരിപാടിയിൽ ആദ്യം നിക്ഷേപ കരുമായും രണ്ടാമത് സ്റ്റാർട്ട് അപ് സംരംഭകരുമായി നടന്ന ചർച്ചകളിലാണ് നിക്ഷേപക സന്നദ്ധത കമ്പനികൾ അറിയിച്ചത്.




# വികസനത്തിനായി കേരള നഗര നയ കമ്മീഷൻ

അതിവേഗം നഗരമായി വികസിക്കുന്ന കേരളത്തിന് ശാസ്ത്രീയമായ നഗര വികസന നയം ആവിഷ്കരിക്കുന്നതിനായി രൂപീകരിച്ച നഗരനയ കമ്മീഷൻ പഠനം പൂർത്തിയാക്കി റിപ്പോർട്ട് മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചു. പതിനഞ്ച് മാസത്തെ പഠനങ്ങൾക്കും ചർച്ചകൾക്കും ശേഷമാണ് റിപ്പോർട്ട് തയാറാക്കിയിരിക്കുന്നത്.

കേരളത്തിൽ ദേശീയ ശരാശരിയേക്കാൾ വളരെ ഉയർന്ന തോതിൽ നഗരവൽക്കരണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിനായി ഒരു സമഗ്ര നഗര നയം രൂപീകരിക്കുന്നതിനായി 2023 ഡിസംബറിലാണ് സർക്കാർ നഗര നയ കമ്മീഷൻ (KUPC) രൂപീകരിച്ചത്. കെ യു പി സി (KUPC) യുടെ കണക്കനുസരിച്ച്, 2050 ആകുമ്പോഴേക്കും കേരളത്തിലെ 80 ശതമാനത്തിലധികം ജനങ്ങളും നഗരവാസികളായിരിക്കും.

സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ ആഴത്തിലുള്ള പഠനം നടത്തിയും മൂവായിരത്തിലധികം പേരെ നേരിൽ കണ്ടും തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2025 മാർച്ച് വരെ നടത്തിയ മുപ്പത്തി മൂന്നോളം ചെറുപഠനങ്ങളിൽ നിന്നും ദേശീയ തലത്തിലും സംസ്ഥാന തലത്തിലുമുള്ള നഗര ഭരണ ആസൂത്രണ രംഗത്തെ വിദഗ്ധരെയും നേരിൽ കണ്ട് നടത്തിയ ചർച്ചകളിലും നിന്ന് ലഭിച്ച ആശയങ്ങളിലൂടെയാണ് റിപ്പോർട്ട് തയ്യാറാക്കിയത്. വിവിധ ഏജൻസികളുമായും ഗുണഭോക്താക്കളുമായും കമ്മീഷൻ ചർച്ചകൾ സംഘടിപ്പിച്ചിരുന്നു.

ആസൂത്രണ കമ്മീഷൻ, വിവിധ വകുപ്പുകളിലെ മുതിർന്ന ഉദ്യോഗസ്ഥർ , വിവിധ വിഷയങ്ങളിലെ സാങ്കേതിക വിദഗ്ധർ, പരിസ്ഥിതി രംഗത്തെ വിദഗ്ധർ തുടങ്ങിയവരുമായും സംസാരിച്ചു. നഗരസഭകളിൽ സ്പെഷൽ കൗൺസിലുകളും നടത്തി. കമ്മീഷൻ 2024 ഡിസംബറിൽ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

കേരളത്തിന്റെ സമസ്ത മേഖലകളും സംബന്ധിച്ച് സമഗ്ര റിപ്പോർട്ട് തയ്യാറാക്കി ചർച്ചകൾക്ക് ശേഷം അവയിൽ വീണ്ടും മാറ്റങ്ങൾ വരുത്തിയാണ് അന്തിമ റിപ്പോർട്ട് തയ്യാറാക്കിയത്.

ഇതോടെ രാജ്യത്തെ തന്നെ ഇത്തരത്തിലുള്ള ആദ്യത്തെ കമ്മീഷനാണ് അതിന്റെ റിപ്പോർട്ട്




സമർപ്പിച്ചിരിക്കുന്നതെന്ന് പറയാം. ഇന്ത്യയിൽ നഗര നയമുള്ള ഏക സംസ്ഥാനമാണ് കേരളം. കേരളത്തിന്റെ വികസന ചരിത്രത്തിലെ ഒരു പ്രധാന നാഴിക ക്കല്ലാണിത്. പ്രത്യേകിച്ച് കാലാവസ്ഥാ വ്യതിയാന ത്തോടൊപ്പം ദ്രുതഗതിയിലുള്ള നഗരവൽക്കരണ ത്തിന്റെ പശ്ചാത്തലത്തിൽ, വരുന്ന 25 വർഷത്തേക്ക് സംസ്ഥാനത്തിന് ആവശ്യമായ വികസന നയങ്ങളും പ്രായോഗികമായ വൈദഗ്ദ്ധ്യങ്ങളും രൂപ പ്പെടുത്തുന്നതിനുള്ള ഉൾക്കാഴ്ചകൾ ഈ റിപ്പോർട്ട് നൽകും.

റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കമ്മീഷൻ നയങ്ങളുടെ 10 സ്തംഭങ്ങളിൽ നിന്നും തെളിവുകളിൽ അടിസ്ഥാനമായ വസ്തുതകൾ ശേഖരിച്ചിട്ടുണ്ട്. 33 ഹ്രസ്വ പഠനങ്ങൾ, മേയർമാർ അടങ്ങുന്ന കൗൺസിൽ, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബർ, നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും ചെയർപേഴ്സൺമാർ, ഉന്നത മുനിസിപ്പൽ ഉദ്യോഗസ്ഥർ, വിവിധ എൻജിഒകൾ, റസിഡന്റ്സ് വെൽഫെയർ അസോസിയേഷനുകൾ, നിർദേശക ഗ്രൂപ്പുകൾ, യൂണിയനുകൾ, വിദ്യാർത്ഥി ഗ്രൂപ്പുകൾ, വനിതാഗ്രൂപ്പുകൾ, അതിഥി തൊഴി ലാളികൾ, അസംഘടിത തൊഴിലാളികൾ, യുവജന ഗ്രൂപ്പുകൾ, വെണ്ടർമാർ, ഗിഗ് വർക്കർമാർ എന്നിവരുൾപ്പെടെ 14 ജില്ലകളിലെയും 53 സ്റ്റേക്ക് ഹോൾഡർ യോഗങ്ങളിൽ നിന്നും തെളിവുകൾ അടിസ്ഥാനമാക്കിയുള്ള വസ്തുതാ റിപ്പോർട്ടുകളും ശേഖരിച്ചു.

ഈ ഉദ്യമത്തിൽ 2,500-ലധികം വ്യക്തികൾ പങ്കെടുത്തിട്ടുണ്ട്. ഇത് പങ്കാളിത്തത്തിന്റെയും സഹകരണത്തിന്റെയും വിശാലമായ വ്യാപ്തി വെളിപ്പെടുത്തുന്നതാണ്. ഈ ചർച്ചകളിൽ 2359 പേ ജുകളുള്ള ഔട്ട്പുട്ടുകളാണ് ലഭിച്ചത്. അവ ഒരു വർഷത്തിനുള്ളിൽ അന്തിമരൂപത്തിലേക്ക് പരിഷ്ക രിച്ചു.

കേരളത്തിലെ നഗര വളർച്ചയുടെ വെല്ലുവിളികൾ കൈകാര്യം ചെയ്യുന്നതിനായാണ് പത്ത് നയ സ്തംഭങ്ങൾ ആവിഷ്കരിച്ചത്. ഈ സ്തംഭങ്ങളിൽ നിന്നാണ് അന്തിമ റിപ്പോർട്ടിലേക്ക് കമ്മീഷൻ എത്തിയത്. ജനങ്ങൾക്ക് മുൻഗണന നൽകി, ആരോഗ്യ മേഖലയിലെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും, കൂട്ടായ തദ്ദേശ ഭരണം ശക്തിപ്പെടുത്തുന്നതിനും നിർണായകമായി തിരിച്ചറിഞ്ഞ പത്ത് നയങ്ങളാണ് സ്തംഭങ്ങളിൽ ഉൾക്കൊള്ളിച്ചത്. ഇവ അടിസ്ഥാന മാക്കിയാണ് കമ്മീഷൻ അന്തിമ റിപ്പോർട്ട് ക്രമീകരിച്ചിരിക്കുന്നത്.

കേരള നഗര നയ കമ്മീഷൻ (KUPC) ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് ഒരു ചട്ടക്കൂടും മാതൃകയും നൽകുമെന്നും അതേ സമയം ഗ്ലോബൽ സൗത്തിലെ രാജ്യങ്ങൾക്ക് ഒരു മാതൃകയായിരിക്കുമെന്നും പ്രതീക്ഷിക്കുന്നു. ഫലപ്രദമായ കേരള നഗര നയങ്ങൾ രൂപകൽപ്പന ചെയ്യുന്നതിലും രൂപപ്പെടുത്തുന്നതിലും നടപ്പിലാക്കുന്നതിലും അന്തിമമായി നിരീക്ഷി ക്കുന്നതിലും വൈവിധ്യമാർന്ന അനുഭവത്തിൽ നിന്നും ഉരുത്തിരിഞ്ഞ ഈ പൊതുതത്വങ്ങളും കൈവരിച്ച പാഠങ്ങളും സഹായിക്കും. നഗര-ഗ്രാമ തുടർച്ചയിൽ നയരൂപീകരണത്തെയും അതിന്റെ പുരോഗതിയിലേക്കുള്ള ചലനാത്മകതയെയും (മൊബിലിറ്റി) അല്ലെങ്കിൽ ഭരണനിർവഹണത്തെയും കുറിച്ച് യാഥാർത്ഥ്യബോധമുള്ള ഒരു വീക്ഷണം ഈ റിപ്പോർട്ട് സ്വീകരിക്കുന്നു. കേരളത്തിന്റെ ഭാവി

വികസനത്തിൽ പൊതു, സ്വകാര്യ, ജന പങ്കാളിത്തം (PPPP) കമ്മീഷൻ ശക്തിപ്പെടുത്തുന്നു.

## പ്രധാന ശുപാർശകൾ

**1.** കൊച്ചി, തിരുവനന്തപുരം, കോഴിക്കോട്, കൊല്ലം, തൃശൂർ, കണ്ണൂർ എന്നീ മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് ചുറ്റുമുള്ള നഗര വികസന പ്രക്രിയയ്ക്ക് നേതൃത്വം നൽകുന്നതിനായി നേരിട്ട് തിരഞ്ഞെടുക്കപ്പെട്ട ആറ് മെട്രോപൊളിറ്റൻ പ്ലാനിങ് കമ്മിറ്റികൾ (എംപിസി) രൂപീകരിക്കണം. ജനസംഖ്യാ വലിപ്പം, സാന്ദ്രത, കണക്ടിവിറ്റി, സർവ്വവ്യാപിത്വം, ഭൂവിനിയോഗം, മറ്റ് പ്രസക്തമായ മാനദണ്ഡങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ എംപിസികളുടെ ആസൂത്രണ മേഖലകൾ വേർതിരിക്കണം.

**2.** കാലാവസ്ഥാമാറ്റ പ്രതിരോധശേഷി, നഗരാസൂത്രണവുമായി സംയോജിപ്പിക്കുന്നതിന് കേരളം പ്രാദേശിക തലത്തിൽ ഒരു അപകടസാധ്യതാ മാസ്റ്റർ പ്ലാൻ വികസിപ്പിക്കണം. ദുരന്തനിവാരണ പദ്ധതികൾ, മാസ്റ്റർ പ്ലാനുകൾ, വികസന പദ്ധതികൾ, ലോക്കൽ ഏരിയ പ്ലാനുകൾ എന്നിവയുൾപ്പെടെ എല്ലാ സ്ഥലാധിഷ്ഠിത പദ്ധതികളും ഈ ചട്ടക്കൂടുമായി യോജിപ്പിക്കണം. പ്രത്യേകിച്ച് പാരിസ്ഥിതികമായി ദുർബലവും അപകടസാധ്യതയുള്ളതുമായ പ്രദേശങ്ങളിൽ, സംസ്ഥാനത്തിന്റെ ദീർഘകാല പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിന്, ഏകീകൃതവും അപകടസാധ്യതാ സംവേദനക്ഷമതയുള്ളതുമായ വികസനം ഉറപ്പാക്കണം.

**3.** സാങ്കേതികവിദ്യ, ആസൂത്രണം, മാനേജ്മെന്റ്, ധനകാര്യം, നിയമം, ഭരണത്തിന്റെ മറ്റ് വശങ്ങൾ എന്നിവയിൽ സ്ഥാപനങ്ങൾക്ക് സുസ്ഥിരമായ സാങ്കേതിക പിന്തുണ നൽകുന്നതിന് വിജയകരമായ ഒരു സംരംഭമായ കുടുംബശ്രീയെപ്പോലെ, ജ്ഞാനശ്രീ പരിപാടി ആരംഭിക്കുക. ഇത് ഗവൺമെന്റിന് പ്രൊഫഷണലായി പരിശീലനം ലഭിച്ച മനുഷ്യ വിഭവശേഷിയും കേരളത്തിലെ നഗരങ്ങളിലെ യുവജനങ്ങൾക്ക് തൊഴിൽ അവസരവും നൽകും. ജ്ഞാനശ്രീയിലെ പ്രൊഫഷണലുകൾക്ക് ആഗോള തലത്തിലും സ്വന്തമായി ബിസിനസ്സ് സംരംഭങ്ങൾ ആരംഭിക്കാനും ഇത് വേദി നൽകും.

**4.** പ്രതിരോധശേഷിയിലൂന്നിയ അടിസ്ഥാന സൗകര്യങ്ങളും അടിയന്തര പ്രതികരണ സംവിധാനങ്ങളും ഉൾപ്പെടെ ദുരന്ത സാധ്യത കുറയ്ക്കൽ സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിനായി നഗര വികസന പദ്ധതികളിൽ ഒരു നിശ്ചിത ഗ്രീൻ ഫീസ് നടപ്പാക്കുക. ദുർബല സമൂഹങ്ങളെയും നിർണായക ആസ്തികളെയും സംരക്ഷിക്കുന്നതിന് ദുരന്ത-നിർദ്ദിഷ്ട ഇൻഷുറൻസ് പദ്ധതികൾ വികസിപ്പിക്കുക. ഹരിത ഫണ്ടുകൾ, കാർബൺ ധനസഹായം, അന്താരാഷ്ട്ര കാലാവസ്ഥാ പൊരുത്തപ്പെടുത്തൽ വിഭവങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് സംസ്ഥാന തലത്തിൽ ഒരു കാലാവസ്ഥാ ധനകാര്യ ഉപദേശക സെൽ സ്ഥാപിക്കുക. ആഘാത ലഘൂകരണത്തിനും പ്രതിരോധശേഷി നിർമ്മാണ ശ്രമങ്ങൾക്കും കാര്യക്ഷമമായ വിഹിതം ഉറപ്പാക്കുക.

**5.** പാരാമെട്രിക് ഇൻഷുറൻസ് മോഡലുകൾ സംയോജിപ്പിക്കുകയും കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സംസ്ഥാന ആക്ഷൻ പ്ലാനുമായി യോജിക്കുകയും ചെയ്യുന്ന ഒരു സമഗ്ര കാലാവസ്ഥാ അപകടസാധ്യത ഇൻഷുറൻസ് ചട്ടക്കൂട് കേരളം സ്ഥാപിക്കണം.

**6.** സ്റ്റിയറിങ് കമ്മിറ്റിയെ മേയറുടെ നേതൃത്വത്തിലുള്ള സിറ്റി കാബിനറ്റ് സ്ഥാനത്തേക്ക് ഉയർത്താം. തുടക്കത്തിൽ, ഇത് മുനിസിപ്പൽ കോർപ്പറേഷനുകളിൽ നടപ്പിലാക്കും. സംസ്ഥാന സർക്കാരും നഗര തദ്ദേശ സ്വയംഭരണ സ്ഥാപന (യുഎൽജി)വും സംയുക്ത





മായി തിരഞ്ഞെടുക്കുന്ന ഒരു ചീഫ് എക്സിക്യൂട്ടീവിനെ മുനിസിപ്പൽ കോർപ്പറേഷനുകളിൽ നിയമിക്കും. ഇത് സെക്രട്ടറിയുടെ നിലവിലെ ചുമതലകൾക്ക് പകരമായിരിക്കും. സിറ്റി പൊലീസ് മേധാവി എക്സ്-ഓഫീഷ്യോ അംഗമായി സിറ്റി കാബിനറ്റിന്റെ ഭാഗമാകാനും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

**7.** യുഎൽജികളിൽ പ്രൊഫഷണലൈസേഷൻ നടത്തണം. വിവിധ തലങ്ങളിൽ ആവശ്യകതകൾ മനസ്സിലാക്കിക്കൊണ്ട് ജീവനക്കാരുടെ പുനഃസംഘടന ഇതിൽ ഉൾപ്പെടുത്തണം. നഗരതല അർബൻ ഒബ്സർവേറ്ററികൾ (നഗര നിരീക്ഷണാലയങ്ങൾ) സ്ഥാപിക്കുന്നതിനൊപ്പം ഖരമാലിന്യ പരിപാലനം , കാലാവസ്ഥ, ദുരന്തനിവാരണം എന്നിവയ്ക്കായി പ്രത്യേക സെല്ലുകൾ സ്ഥാപിക്കണം. ഫിനാൻസ് ഓഫീസർ, ഹെൽത്ത് ഓഫീസർ, ഇലക്ട്രിക്കൽ എഞ്ചിനീയർ, മെക്കാനിക്കൽ എഞ്ചിനീയർ, ലീഗൽ ഓഫീസർ, ഡിജിറ്റൽ ഓഫീസർ, പബ്ലിക് റിലേഷൻസ് ഓഫീസർ എന്നീ തസ്തികകൾ സ്ഥാപിക്കാം. വിദഗ്ദ്ധർ (ഡയറക്ടർ-പ്ലാനിങ്, ഡയറക്ടർ-ഫിനാൻസ് മുതലായവ) നേതൃത്വം നൽകാൻ കഴിയുന്ന പ്രത്യേക വകുപ്പുകൾ മുനിസിപ്പൽ സ്ഥാപനങ്ങളിൽ സ്ഥാപിക്കേണ്ടതുണ്ട്. എൽഎസ്ജി കേഡർ രൂപീകരിക്കുന്നതിന് മുനിസിപ്പൽ സ്റ്റാഫ് റിക്രൂട്ട്മെന്റ് സംവിധാനം സ്ഥാപിക്കാൻ നിർദ്ദേശിക്കുന്നു. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും പ്രൊഫഷണലിസം ഉറപ്പാക്കിക്കൊണ്ട് സ്വയംഭരണ തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ എസ് പി വി ( SPV) കൾ സ്ഥാപിക്കുക.

**8.** ദേശീയ, സംസ്ഥാന സ്ഥാപനങ്ങളിൽ നിലവിലുള്ള സ്ഥലാധിഷ്ഠിത ഡാറ്റാസെറ്റുകൾ ഉപയോഗിച്ച് പ്രവർത്തനക്ഷമമായ സംസ്ഥാന തല ഡിജിറ്റൽ ഡാറ്റ ഒബ്സർവേറ്ററി സ്ഥാപിക്കുക. ഉചിതമായ ഐഒടി (IOT)കൾ ഉപയോഗിച്ച് ഡാറ്റാ സെറ്റുകളെ കൂടുതൽ സമ്പുഷ്ടമാക്കുക, സംസ്ഥാനത്തിന് ലഭ്യമായ നിലവിലുള്ള ബഹിരാകാശ അധിഷ്ഠിത DEM-കളുമായി സംയോജിപ്പിച്ച് ഡി ഇ എം (DEM - 50cm-ൽ കൂടുതൽ) ലഭിക്കുന്നതിന് കോർ നഗരപ്രദേശങ്ങളിൽ LIDAR സർവേകൾ നടത്തുക. യൂട്ടിലിറ്റികളുടെ ഉപ-ഉപരിതല അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കുന്നതിന് നഗരങ്ങളിലെ ഗ്രൗണ്ട് പെനട്രേറ്റിംഗ് റഡാർ (GPR) മാപ്പിങ്, അടിസ്ഥാന സൗകര്യ പദ്ധതികളുടെ ഫലപ്രദമായ ആസൂത്രണത്തിനും നിർവ്വഹണത്തിനുമായി ഇടനാട്ടിലും സമതലങ്ങളിലും വ്യവസ്ഥാപിത ജിയോ–ഫിസിക്കൽ സർവേ.

**9.** തന്ത്രപ്രധാനമായ സ്ഥലങ്ങളിൽ മതിയായ ഓട്ടോമേറ്റഡ് കാലാവസ്ഥാ സ്റ്റേഷനുകളും (AWS) ടൈഡ് ഗേജുകളും സ്ഥാപിച്ച് സംസ്ഥാനത്തിന്റെ കാലാവസ്ഥാ നിരീക്ഷണ ശൃംഖല ശക്തിപ്പെടുത്തുക. ഇത് തുടർച്ചയായ തത്സമയ ഡാറ്റ ശേഖരണം ഉറപ്പാക്കും, കാലാവസ്ഥാ പ്രവചനങ്ങളുടെ കൃത്യതയും തീവ്ര കാലാവസ്ഥാ സംഭവങ്ങൾക്കുള്ള മുൻകൂർ മുന്നറിയിപ്പുകളും മെച്ചപ്പെടുത്തും.

**10.** ഇലക്ട്രോണിക് വസ്തുക്കൾ, രത്നങ്ങൾ, ആഭരണങ്ങൾ, കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണം, സുഗന്ധവ്യഞ്ജനങ്ങൾ, കശുവണ്ടി തുടങ്ങിയ നോൺ റെഡ് വ്യവസായങ്ങൾക്കായി പുനരുപയോഗ ഊർജ്ജത്താൽ പ്രവർത്തിക്കുന്ന ഇക്കോ-



ഇൻഡസ്ട്രിയൽ പാർക്കുകൾ വികസിപ്പിക്കൽ. ക്ലസ്റ്ററുകൾ വികസിപ്പിക്കൽ – തിരുവനന്തപുരം-കൊല്ലം ക്ലസ്റ്റർ; കൊച്ചി-തൃശൂർ ക്ലസ്റ്റർ, എംഎസ്എംഇകൾക്കായുള്ള കാലിക്കറ്റ്-കണ്ണൂർ ക്ലസ്റ്റർ

**11.** സംസ്ഥാന സർവകലാശാലകളെ ആഗോളതലത്തിൽ മത്സരാധിഷ്ഠിത ഗവേഷണ- നൂതനാശയ കേന്ദ്രങ്ങളാക്കി മാറ്റുക; സർവകലാശാല-വ്യവസായ-സർക്കാർ ട്രിപ്പിൾ ഹെലിക്സ് മാതൃക ശക്തിപ്പെടുത്തുക; വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളിൽ കേരളത്തെ ദേശീയ തലത്തിൽ മുൻനിരയിൽ എത്തിക്കുക

**12.** എംഎസ്എംഇകളെ ശക്തിപ്പെടുത്തുന്നതിലൂടെയും, മികച്ച സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിലൂടെയും, വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്വകാര്യ നിക്ഷേപകരും തമ്മിലുള്ള സഹകരണത്തിലൂടെയും, ലൈസൻസിങ് അംഗീകാര സമയം 7–15 ദിവസമായി കുറയ്ക്കുന്നതിലൂടെയും (ഫാസ്റ്റ് ട്രാക്ക് ഏകജാലകം സംവിധാനം) സംസ്ഥാനം വ്യാവസായിക വിപ്ലവം 4.0 ലേക്ക് നീങ്ങണം.

**13.** പ്രാദേശികമായ ശേഷിമികവുകളെ അടിസ്ഥാനമാക്കിയുള്ള നഗര-നിർദ്ദിഷ്ട ശുപാർശകൾ: തൃശൂർ-കൊച്ചി എന്നിവ കേരളത്തിലെ ഫിൻടെക് ഹബ്ബായി വികസിപ്പിക്കണം; പാലക്കാട്, കാസർകോട് എന്നിവ വ്യാവസായിക സ്മാർട്ട് സിറ്റികളായി വികസിപ്പിക്കണം; ഗവേഷണവും നൂതനാശയവും വളർത്തുന്നതിനായി തിരുവനന്തപുരം-കൊല്ലം വിജ്ഞാന ഇടനാഴി വികസിപ്പിക്കണം; കണ്ണൂരിനെ ഫാഷൻ സിറ്റി എന്ന നിലയിൽ പ്രോത്സാഹിപ്പിക്കണം; കണ്ണൂർ-കാസർഗോഡ്, തൃശൂർ-എറണാകുളം എന്നിവ വിദ്യാഭ്യാസ ആരോഗ്യ കേന്ദ്രങ്ങളായി പ്രയോജനപ്പെടുത്തണം; സമ്പന്നമായ സാഹിത്യ പൈതൃകം ഉപയോഗപ്പെടുത്തി കോഴിക്കോടിനെ 'സാഹിത്യ നഗരം' എന്ന് അഭിസംബോധന ചെയ്യണം.

**14.** എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും സിറ്റി ബിസിനസ് ഡെവലപ്മെന്റ് കൗൺസിലുകൾ സ്ഥാപിക്കുക, അതിൽ പ്രാദേശിക ബിസിനസുകൾ, വ്യവസായ അസോസിയേഷനുകൾ, കമ്മ്യൂണിറ്റി ഗ്രൂപ്പുകൾ എന്നിവ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കുക.

**15.** സംസ്ഥാന ഗ്രാന്റുകളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനും സാമ്പത്തിക സ്വാതന്ത്ര്യം ശക്തിപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട്, തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി എല്ലാ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും എൽഇഡി വകുപ്പുകൾ സ്ഥാപിക്കുക.

**16.** ഒരു അന്തർ വകുപ്പുതല/ഏജൻസി ഏകോപന സമിതി സ്ഥാപിക്കുകയും യുഎൽജികളുടെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വകുപ്പുകളുടെയും ഏജൻസികളുടെയും യോഗങ്ങൾ വിളിച്ചുകൂട്ടാൻ യുഎൽജി മേധാവികൾക്ക് നിയമപരമായ അധികാരം നൽകുകയും വേണം.

**17.** യുഎൽജി തലത്തിൽ വർക്കേഴ്സ് കൗൺസിലും സിറ്റിസൺസ് കൗൺസിലും സ്ഥാപിക്കണം. എല്ലാ യുഎൽജികളിലെയും കൗൺസിലിലെ മൊത്തം സീറ്റുകളിൽ 25 ശതമാനം ആനുപാതിക പ്രാതിനിധ്യത്തിലൂടെ യുവജനങ്ങൾക്കായി സംവരണം ചെയ്യണം.

**18.** കാലാവസ്ഥാ അപകടസാധ്യതയും ദുരന്ത പ്രതിരോധ വ്യവസ്ഥകളും സംയോജിപ്പിക്കുന്നതിന് കെഎംബിആറും കെപിബിആറും പരിഷ്കരിച്ചുകൊണ്ട് ശക്തമായ സാങ്കേതിക-നിയമ, സാങ്കേതിക-ധനസഹായ സംവിധാനം സ്ഥാപിക്കുക. ഈ സമീപനം ദീർഘകാല ദുരന്ത നിവാരണ ചെലവുകൾ കുറയ്ക്കുകയും കാലാവസ്ഥാ-

പ്രതിരോധശേഷിയുള്ള നിക്ഷേപങ്ങൾ ആകർഷിക്കുകയും ചെയ്യും.

**19.** അടിസ്ഥാന സൗകര്യ നവീകരണം - ആധുനികവും ചോർച്ച രഹിതവുമായ സംവിധാനങ്ങൾ ഉപയോഗിച്ച്,കാലഹരണപ്പെട്ടതും തുരുമ്പിച്ചതുമായ പൈപ്പ്ലൈനുകൾ മാറ്റി ജലക്ഷമത വർദ്ധിപ്പിക്കുന്നതിനും മാലിന്യം കുറയ്ക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുക. ഈ ആധുനികവൽക്കരണം വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റുക മാത്രമല്ല, കൂടുതൽ സുസ്ഥിരവും കാര്യക്ഷമവുമായ ജല പരിപാലന സംവിധാനത്തിന് വഴിയൊരുക്കുകയും ചെയ്യും.

**20.** വികേന്ദ്രീകൃത സംസ്കരണ, നിയന്ത്രണ സെപ്റ്റിക് സംവിധാനങ്ങൾ വിന്യസിക്കുക: ചെളി സുരക്ഷിതമായി കൈകാര്യം ചെയ്യുന്നത് ഉൾപ്പെടെ, പ്രാദേശിക മലിനജല മാനേജ്മെന്റിനായി വികേന്ദ്രീകൃത എസ്ടിപികൾ, എഫ്എസ്ടിപികൾ, സഹ-സംസ്കരണ സൗകര്യങ്ങൾ എന്നിവ സ്ഥാപിക്കുക. സെപ്റ്റിക് ടാങ്ക് നിർമ്മാണം, അറ്റകുറ്റപ്പണി, മാലിന്യ നിർമാർജനം എന്നിവയ്ക്കായി കർശനമായ നിയന്ത്രണങ്ങൾ നടപ്പിലാക്കുക.

**21.** ഡ്രെയിനേജ്, സ്റ്റോംവാട്ടർ മാസ്റ്റർ പ്ലാനുകൾ - ഡ്രെയിനേജ്, സ്റ്റോംവാട്ടർ നെറ്റ്വർക്കുകളുടെ ഓഡിറ്റ് നടത്തുകയും കാര്യക്ഷമമായ ഡ്രെയിനേജ്, സ്റ്റോംവാട്ടർ പരിപാലനത്തിനായി സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കുകയും ചെയ്യുക.

**22.** ട്രാഫിക് ആൻഡ് ട്രാൻസ്പോർട്ട് സർവേയും മൊബിലിറ്റി ആസൂത്രണവും - ഗതാഗത രീതികളും അടിസ്ഥാന സൗകര്യ ആവശ്യങ്ങളും വിലയിരുത്തുന്നതിന് എല്ലാ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സമഗ്രമായ ഒരു ട്രാഫിക് ആൻഡ് ട്രാൻസ്പോർട്ട് സർവേ നടത്തുക.

**23.** പ്രോജക്ട് ഡെവലപ്മെന്റ് സപ്പോർട്ട് സെന്ററുകൾ സ്ഥാപിക്കുക: ഹരിതവും കാലാവസ്ഥയെ പ്രതിരോധിക്കുന്നതുമായ അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് സാങ്കേതിക സഹായം നൽകുക.

**24.** ക്ഷേമ കാഴ്ചപ്പാടിൽ നിന്ന് നോക്കുമ്പോൾ,വിട്ടുമാറാത്ത രോഗങ്ങളുടെ പരിശോധന ഉൾപ്പെടെയുള്ള രോഗ പ്രതിരോധ, രോഗശമന പരിചരണം ഉറപ്പാക്കാൻ നഗര ആരോഗ്യ, പോഷകാഹാര സ്ഥാപനങ്ങളെ സംയോജിപ്പിക്കുക.

**25.** സേവന ലഭ്യതയും വിഭവശേഷിയും കുറഞ്ഞ പ്രദേശങ്ങൾ തിരിച്ചറിയാൻ യുഎൽജികൾ ജിഐഎസ് മാപ്പിങ് ഉപയോഗിക്കണം.

**26.** വയോധികർക്ക് അനുയോജ്യമായ അയൽപക്ക പദ്ധതികൾ വികസിപ്പിക്കുന്നതിനും വയോജന ആവശ്യങ്ങൾ വിലയിരുത്തുന്നതിനും നഗര, പട്ടണ, വാർഡ് തല ആരോഗ്യ സമിതികൾ രൂപീകരിക്കുക.

**27.** ഭാഷാ പിന്തുണയും വിപുലമായ പൊതുജനാരോഗ്യ സംവിധാനവും നൽകി കുടിയേറ്റക്കാരുടെ ആരോഗ്യ സംരക്ഷണം മെച്ചപ്പെടുത്തുക.

**28.** വിദ്യാർത്ഥികളുടെ സമ്മർദ്ദം കുറയ്ക്കുന്നതിന് പ്രത്യേക പരിഗണനയോടെയുള്ള രക്ഷാകർതൃത്വം, സ്കൂൾ ക്ഷേമ പരിപാടികൾ, നൈപുണ്യ





അധിഷ്ഠിത വിദ്യാഭ്യാസം എന്നിവ നടപ്പിലാക്കുക.

**29.** പൈതൃക & പരിസ്ഥിതി വിഭവ പട്ടികപ്പെടുത്തൽ -പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പൈതൃക സ്ഥലങ്ങൾ, ജലപാതകൾ, കനാലുകൾ, ഉപേക്ഷിക്കപ്പെട്ട വ്യാവസായിക സ്ഥലങ്ങൾ എന്നിവയുടെ സർവേ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നടത്തുക. വിദഗ്ദ്ധരുടെയും സമൂഹത്തിന്റെയും സഹകരണത്തിലൂടെ പ്രാധാന്യത്തെ അടിസ്ഥാനമാക്കി ഈ സ്ഥലങ്ങളെ റാങ്ക് ചെയ്യുക.

**30.** തുറസ്സായ സ്ഥലങ്ങളുടെ സംരക്ഷണം – നഗര പ്രതിരോധശേഷി, ജൈവവൈവിധ്യം, പൊതുജനാരോഗ്യം എന്നിവ വർദ്ധിപ്പിക്കുന്നതിന് കാർബൺ സിങ്കുകളായി തുറസ്സായ സ്ഥലങ്ങൾ, ഉപയോഗരഹിതമായിരിക്കുന്ന സ്ഥലങ്ങൾ എന്നിവ നിശ്ചയിക്കുക.

**31.** സ്മാർട്ട് & സുസ്ഥിര ടൂറിസം അടിസ്ഥാന സൗകര്യം – AR/VR അനുഭവങ്ങൾ, പൈതൃക മേഖലകളിലെ സുസ്ഥിര ഗതാഗതം, സാംസ്കാരിക സ്ഥലങ്ങളിലെ മെച്ചപ്പെട്ട മാലിന്യ, ജല പരിപാലനം എന്നിവയുൾപ്പെടെ വിപുലമായ ടൂറിസം അടിസ്ഥാന സൗകര്യങ്ങളിൽ നിക്ഷേപം നടത്തുക.

**32.** ജലപാതകളെ പരിസ്ഥിതി പൈതൃക, ഗതാഗത ഇടനാഴികളായി പുനരുജ്ജീവിപ്പിക്കുകയും ഉദ്ഗ്രഥനം നടത്തുകയും ചെയ്യുക – സുസ്ഥിര ഗതാഗതം, ജൈവവൈവിധ്യ സംരക്ഷണം, സമൂഹ ഉപജീവനമാർഗ്ഗങ്ങൾ, റോഡിലെ ഗതാഗത തിരക്ക് ലഘൂകരിക്കൽ, ടൂറിസം പ്രോത്സാഹിപ്പിക്കൽ എന്നിവയ്ക്കായി കേരളത്തിന്റെ ജല ഗതാഗത സംവിധാനത്തെ പുനരുജ്ജീവിപ്പിക്കുക.

**33.** കേരളത്തിന്റെ കരകൗശല വസ്തുക്കളും സർഗാത്മക സമ്പദ്‌വ്യവസ്ഥയും സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക – പ്രധാന കേന്ദ്രങ്ങളിൽ കരകൗശല എംപോറിയങ്ങൾ സ്ഥാപിക്കുക, പരിശീലന പരിപാടികൾ അവതരിപ്പിക്കുക, കരകൗശല വിദഗ്ധരെ ആഗോള വിപണികളുമായി ബന്ധിപ്പിക്കുന്നതിന് ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ പ്രയോജനപ്പെടുത്തുക.

**34.** 'ഒരു ജില്ല ഒരു ഉൽപ്പന്നം' പദ്ധതിയുടെ കീഴിലുള്ള ബിസിനസുകൾക്ക് മുൻഗണന നൽകുകയും പദ്ധതി ഉദ്ഗ്രഥനത്തിനും നടപ്പാക്കലിനും വേണ്ടി 'ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം– ഒരു ഉൽപ്പന്ന പദ്ധതി'യുമായി സംയോജിപ്പിക്കുകയും ചെയ്യുക.

**35.** പങ്കാളിത്ത ഭരണത്തിന്റെയും പ്രതിരോധശേഷി തത്വങ്ങളുടെയും അടിസ്ഥാനത്തിൽ ഉദ്ഗ്രഥിത ജില്ലാ വികസന പദ്ധതികളും സംയുക്ത പ്രാദേശിക വികസന പദ്ധതികളും പ്രോത്സാഹിപ്പിക്കുന്നതിനായി നവകേരളം സ്പേഷ്യൽ പ്ലാനിങ് നടപ്പിലാക്കുക.

**36.** നഗര പ്രദേശങ്ങളുടെ സാമ്പത്തിക വളർച്ചാ സാധ്യതകൾ പര്യാപ്തമായി പരിഹരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ജില്ലാ വികസന പദ്ധതികളും നഗര പ്രാദേശിക സാമ്പത്തിക വികസന പദ്ധതികളും ഏകോപിപ്പിക്കുന്നതിന് ഒരു സ്ഥാപന സംവിധാനം രൂപപ്പെടുത്തുക.

**37.** വിവിധ നികുതി, മറ്റ് വരുമാന സാധ്യതകൾ/ സെസ് എന്നിവ വഴി തനത് വരുമാന സ്രോതസ്സുകൾ വർദ്ധിപ്പിക്കുക.

**38.** തനത് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് സമാഹരണ സാധ്യതകൾ, കേന്ദ്ര, സംസ്ഥാന വിഹിതം, കേന്ദ്ര ഏജൻസികൾ, ആഭ്യന്തര ഫണ്ട് സമാഹരണ സംവിധാനങ്ങൾ, അന്താരാഷ്ട്ര ഫണ്ടിങ് സാധ്യതകൾ, കമ്മ്യൂണിറ്റി, പൗരർ, സ്വകാര്യ മേഖലകൾ എന്നിവയുടെ സംഭാവന എന്നിവയിൽ നിന്നുള്ള ഫണ്ട് സമാഹരണ മാർഗങ്ങൾ എന്നിവ ആലോചിക്കാവുന്നതാണ്.

**39.** വായ്പാ റേറ്റിങ്ങിനായി യുഎൽജികളുടെ സാമ്പത്തിക ആരോഗ്യം (ഫിനാൻഷ്യൽ ഹെൽത്ത്) വിലയിരുത്തുകയും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് പോലുള്ള പ്രമുഖ മുനിസിപ്പൽ കോർപ്പറേഷനുകൾക്കായി നേരിട്ട് കേരള മുനിസിപ്പൽ ബോണ്ടുകൾ ആരംഭിക്കുകയും ചെയ്യുക. KIIFB/KURDFC/പുതിയ SPV വഴി മറ്റ് മുനിസിപ്പൽ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കുമായി പൂൾ ചെയ്ത മുനിസിപ്പൽ ബോണ്ടുകൾ.

തനത് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് സമാഹരണ സാധ്യതകൾ, കേന്ദ്ര, സംസ്ഥാന വിഹിതം, കേന്ദ്ര ഏജൻസികൾ, ആഭ്യന്തര ഫണ്ട് സമാഹരണ സംവിധാനങ്ങൾ, അന്താരാഷ്ട്ര ഫണ്ടിങ് സാധ്യതകൾ, കമ്മ്യൂണിറ്റി, പൗരർ, സ്വകാര്യ മേഖലകൾ എന്നിവയുടെ സംഭാവന എന്നിവയിൽ നിന്നുള്ള ഫണ്ട് സമാഹരണ മാർഗങ്ങൾ എന്നിവ ആലോചിക്കാവുന്നതാണ്.

**40.** കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് മാനുവൽ (കെഎംഎഎം)2007 ന്റെ പരിഷ്കരണം.

**41.** പ്രായോഗികവും നടപ്പിലാക്കാവുന്നതുമായ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനായി സാങ്കേതിക ധനസഹായത്തിനായി പ്രോജക്ട് ഇനീഷ്യലൈസേഷൻ ഫണ്ട് / പ്രോജക്ട് ഇനീഷ്യേറ്റീവ് ഫണ്ട് / പ്രോജക്ട് ഡെവലപ്മെന്റ് ഫണ്ട് എന്നിവ സൃഷ്ടിക്കുക.

**42.** നഗര നയത്തിലും ആസൂത്രണത്തിലും കില സ്കൂൾ ഓഫ് അർബൻ ഗവേണൻസിനെ മികവിന്റെ കേന്ദ്രമായി അംഗീകരിക്കുക. നിലവിലുള്ള ആസൂത്രണ പ്രൊഫഷണലുകളെ പരിശീലിപ്പിക്കുന്നതിനും നൈപുണ്യം വികസിപ്പിക്കുന്നതിനും പ്രസക്തമായ ദേശീയ, അന്താരാഷ്ട്ര സംഘടനകളുമായി പങ്കാളിത്തം സ്ഥാപിക്കണം. തുടക്കത്തിൽ, നഗരഭവനകാര്യ മന്ത്രാലയത്തിന്റെ എൻഐടി കോഴിക്കോടുള്ള സെൻറർ ഓഫ് എക്സലൻ (സിഇഒ)സുമായി ചേർന്ന് 'കേരള നഗര വൈജ്ഞാനിക പങ്കാളിത്തം' പദ്ധതി ആരംഭിക്കണം.

കമ്മിഷൻ ചെയർമാൻ ഡോ. എം.സതീഷ് കുമാറിന്റെ നേതൃത്വത്തിൽ സഹ അധ്യക്ഷരായ കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. എം.അനിൽകുമാർ, ഡോ. നാരായണൻ എടതൻ, ഗുരുവായൂർ മുനിസിപ്പൽ ചെയർമാൻ എം. കൃഷ്ണദാസ്, കമ്മിറ്റി അംഗങ്ങളായ ടിക്കേന്ദർ സിങ്ങ് പൻവർ, വി.സുരേഷ്, ഹിതേഷ് വൈദ്യ, ഡോ. അശോക് കുമാർ, ഡോ. വൈ.വി.എൻ. കൃഷ്ണമൂർത്തി, പ്രൊഫ. കെ.റ്റി. രവീന്ദ്രൻ, പ്രൊഫ. ജാനകി നായർ, പ്രൊഫ. കെ. എസ്. ജെയിംസ് എന്നിവർ ചേർന്നാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ അധ്യക്ഷണൽ ചീഫ് സെക്രട്ടറിയായിരിക്കെയാണ് നഗരനയ കമ്മീഷന് രൂപം നൽകിയത്. കമ്മീഷനുമായുള്ള ചർച്ചകളിലും ചീഫ് സെക്രട്ടറി സജീവമായി പങ്കെടുത്ത് നിർദ്ദേശങ്ങൾ നൽകി.

കമ്മീഷൻ മെമ്പർ സെക്രട്ടറി കൂടിയായ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമ്മിള മേരി ജോസഫ്, സ്പെഷൽ സെക്രട്ടറി ടി.വി. അനുപമ, പ്രിൻസിപ്പൽ ഡയറക്ടർ സീറാം സാംബശിവ റാവു, അർബൻ ഡയറക്ടർ സൂരജ് ഷാജി, റൂറൽ ഡയറക്ടർ ദിനേശൻ ചെറുവറ്റ, ചീഫ് ടൗൺപ്ലാനർ ഷിജി ചന്ദ്രൻ തുടങ്ങിയവർ നേതൃത്വം നൽകി.

കില ഡയറക്ടർ എ. നിസാമുദ്ദീൻ, കില രജിസ്ട്രാർ ടോബി തോമസ് എന്നിവരുടെ നേതൃത്വത്തിൽ കില നഗര പഠന കേന്ദ്രം അക്കാദമിക് തലത്തിലുള്ള സാങ്കേതിക സഹായം കമ്മീഷന് നൽകി.

# ബ്രഹ്മപുരം മാജിക്ക്



**കെ. അമൽ**
എറണാകുളം

പുകഞ്ഞു കത്തിയ മാലിന്യ കൂമ്പാരങ്ങളിൽ നിന്ന് പ്രതീക്ഷയുടെ പുതു തീരത്തേക്ക് അണയുകയാണ് ബ്രഹ്മപുരം. 2023 മാർച്ച് ആദ്യമാണ് ബ്രഹ്മപുരത്ത് തീ പടരുന്നത്. സെക്ടർ ഒന്നിൽ നിന്നുയർന്ന തീയും പുകയും കൊച്ചിയെ മാത്രമല്ല കേരളത്തെ ആകെ മുൾമുനയിൽ നിർത്തി. സംസ്ഥാനം ഇന്നുവരെ നേരിട്ടിട്ടില്ലാത്ത ദുരന്ത സാഹചര്യമായിരുന്നെങ്കിലും സർക്കാരും മറ്റു ഭരണസംവിധാനങ്ങളും സർവ്വ സന്നാഹങ്ങളുമായി ദുരന്തമുഖത്തേക്കിറങ്ങി.

മാലിന്യ കേന്ദ്രത്തെ ആറു മേഖലകളാക്കി തിരിച്ച് തീ അണക്കാനുള്ള ശ്രമങ്ങളാരംഭിച്ചു. അഗ്നി രക്ഷാസേന, നാവിക സേന, കൊച്ചിൻ റിഫൈനറി, കൊച്ചിൻ പോർട്ട് ട്രസ്റ്റ് എന്നിവയുടെ അഗ്നിശമന യൂണിറ്റുകളും, ഹെലികോപ്ടറുകളും വിശ്രമമില്ലാതെ പൊരുതി. ഒടുവിൽ 13 ദിവസം കൊണ്ട് ദൗത്യം വിജയകരമായി പൂർത്തീകരിച്ചു. അതുകൊണ്ടും തീർന്നില്ല, അപകട ശേഷം സംസ്ഥാന സർക്കാർ കൊച്ചിക്ക് ഒരു ഉറപ്പുനൽകി. അറബിക്കടലിന്റെ റാണിയായ കൊച്ചി നഗരത്തിന്റെ പൂങ്കാവനമായി ബ്രഹ്മപുരത്തെ മാറ്റുമെന്ന്. അത് വെറും വാക്കല്ലെന്ന് അനുദിനം തെളിയുകയാണ്.

വർഷങ്ങളായി കുന്നുകൂടിയ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്ന ബയോമൈനിങ് പ്രവർത്തി അന്തിമഘട്ടത്തിലേക്ക് നീങ്ങുകയാണ്. ആകെ കണക്കാക്കിയ 8,43,000 മെട്രിക് ടൺ മാലിന്യത്തിൽ 6,08,325 മെട്രിക് ടൺ മാലിന്യം ഇതിനോടകം സംസ്കരിച്ചു. അതായത് 75 ശതമാനത്തിനു മുകളിലാണ് പ്രവർത്തന പുരോഗതി. ഇതിലൂടെ 24 ഏക്കർ സ്ഥലമാണ് വീണ്ടെടുത്തത്.

തീപിടിത്തത്തിനുശേഷം നഗരമാലിന്യത്തോട് സന്ധിയില്ലാ സമരം പ്രഖ്യാപിച്ച് സംസ്ഥാന സർക്കാരും കൊച്ചി കോർപ്പറേഷനും ജനപ്രതിനിധികളും വിവിധ വകുപ്പുകളും ഏജൻസികളും സ്ഥാപനങ്ങളും ഒറ്റക്കെട്ടായി നിലകൊണ്ടപ്പോൾ വന്ന മാറ്റങ്ങളാണിത്. വീണ്ടെടുത്ത 24 ഏക്കറിന്റെ ഒരു വശത്ത് ബി.പി.സി.എൽ ഒരുക്കുന്ന സി.ബി.ജി (കംപ്രസ്ഡ് ബയോ ഗ്യാസ്) പ്ലാന്റിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. പ്രതിദിനം 150 ടൺ മാലിന്യം സംസ്കരിച്ച് 15 ടൺ ബയോഗ്യാസ് ഉത്പാദിപ്പിക്കാൻ ശേഷിയുള്ള പ്ലാന്റിൽ നിലവിൽ ട്രയൽ റൺ ആരംഭിച്ചിട്ടുണ്ട്. ഇവിടെ ഉത്പാദിപ്പിക്കുന്ന ഗ്യാസ് പൈപ്പ് ലൈനിലൂടെ കൊച്ചിൻ റിഫൈനറിയിൽ എത്തിച്ച് ഉപയോഗിക്കും വിധമാണ് പദ്ധതിയുടെ രൂപകൽപ്പന.

വീണ്ടെടുത്ത സ്ഥലത്തിന്റെ മറ്റൊരു ഭാഗത്ത് വിശാലമായ കളിക്കളം ഒരുങ്ങി കഴിഞ്ഞു. വോളിബോൾ കോർട്ടും ക്രിക്കറ്റ് പിച്ചും. പ്ലാന്റിലെ പ്രവർത്തനങ്ങൾ വിലയിരുത്താൻ എത്തിയ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷിന്റെ



നേതൃത്വത്തിൽ അവിടെ ക്രിക്കറ്റ് കളിക്കുന്ന ചിത്രങ്ങളും വീഡിയോകളും സമൂഹമാധ്യമങ്ങളിൽ വൈറലായിരുന്നു. കളിക്കളത്തിന് തൊട്ടടുത്തായി മനോഹരമായ ഉദ്യാനവും ക്രമീകരിച്ചിട്ടുണ്ട്. അതിനുപുറമേ 4000ൽ അധികം രാമച്ച തൈകളും വളർന്നുവരുന്നു.

മറ്റൊരു വലിയ മാതൃക കൂടി കഴിഞ്ഞ ദിവസം ബ്രഹ്മപുരത്ത് നിന്ന് നാം കണ്ടു. ബ്രഹ്മപുരത്തെ മാലിന്യ നിക്ഷേപത്തിൽ നിന്നും ഉത്പാദിപ്പിച്ച ജൈവവളം ദുബായിലെ ഫാമുകളിലേക്ക് കയറ്റുമതി ചെയ്യാൻ ആരംഭിച്ചു. കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. എം. അനിൽ കുമാറാണ് ആദ്യ ലോഡ് ഫ്ളാഗ് ഓഫ് ചെയ്തത്. സമ്പൂർണ്ണ മാലിന്യ സംസ്കരണത്തിലേക്കുള്ള കൊച്ചിയുടെ യാത്രയിലെ ഒരു നാഴികക്കല്ലായി മാറിയിരിക്കുകയാണ് ബ്രഹ്മപുരം പ്ലാന്റിൽ നിന്നുള്ള ജൈവവളത്തിന്റെ കയറ്റുമതി. ബ്ലാക്ക് സോൾജിയർ ഫ്ളൈ ലാർവകളെ ഉപയോഗിച്ച് തീർത്തും പരിസ്ഥിതി സൗഹൃദ പ്രക്രിയയിലൂടെ ആണ് ജൈവവളം ഒരുക്കുന്നത്.

ഇതുകൊണ്ടൊന്നും തീരുന്നില്ല, സംസ്ഥാന സർക്കാരിന്റെ നിർദേശപ്രകാരം കേരള ഖര മാലിന്യ പരിപാലന പദ്ധതിയും ശുചിത്വമിഷനും ചേർന്ന് തയ്യാറാക്കിയ 706.55 കോടിയുടെ ബ്രഹ്മപുരം മാസ്റ്റർ പ്ലാനിന് കൊച്ചി കോർപറേഷൻ കൗൺസിൽ അംഗീകാരം നൽകിയിരുന്നു. ബയോമൈനിംഗിലൂടെ വീണ്ടെടുത്ത പ്രദേശത്ത് നടപ്പിലാക്കുന്ന പ്ലാനിൽ ആർ.ഡി.എഫ് പ്ലാന്റ്, മാലിന്യ ഊർജോത്പാദന പ്ലാന്റ്, വിൻഡ്റോ കമ്പോസ്റ്റ് പ്ലാന്റ്, കെട്ടിട നിർമ്മാണ പൊളിക്കൽ മാലിന്യ പുനരുപയോഗ പ്ലാന്റ്, വിജ്ഞാന കേന്ദ്രം, വെയ്ബ്രിഡ്ജും സുരക്ഷാ പ്ലാനുകളും, വാഹന പരിപാലന സൗകര്യം, ഉൾ റോഡുകൾ, പെരിഫറൽ/റിങ് റോഡ്, ഗ്രീൻ ബെൽറ്റ്, പൊതു സൗകര്യങ്ങൾ, വിശ്രമമുറി, പൊതു വിനോദ സ്ഥലം, തെരുവുവിളക്കുകളും വൈദ്യുതി അടിസ്ഥാന സൗകര്യങ്ങളും, ജലവിതരണം സംവിധാനങ്ങൾ, മാലിന്യ സംസ്കരണ പ്ലാന്റ്, ലീച്ചെറ്റ് സംസ്കരണ പ്ലാന്റ് , സോളാർ പ്ലാന്റ് തുടങ്ങിയ അതിവിപുലമായ സൗകര്യങ്ങളാണ് മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. മാസ്റ്റർ പ്ലാൻ പരിശോധിച്ച് ഘട്ടംഘട്ടമായി നടപ്പാക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്.

ബ്രഹ്മപുരം തീപിടുത്തത്തിന് പിന്നാലെയാണ് കേരളത്തെ ആകെ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 'മാലിന്യമുക്തം നവകേരളം' കാമ്പയിൻ സർക്കാർ ഏറ്റെടുത്തത്. നാടാകെ ഈ കാമ്പയിനൊപ്പം അണിനിരന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ എല്ലാ വകുപ്പുകളും കൈകോർത്തുകൊണ്ട് നടപ്പിലാക്കിയ ഈ ബൃഹത്തായ പ്രവർത്തനം നിലവിൽ അവസാനഘട്ടത്തിലാണ്.




# മാലിന്യ സംസ്ക്കരണം, കേരളത്തിന്റെ നാൾവഴികൾ

2016-ൽ ആരംഭിച്ച നവകേരളം കർമ്മപദ്ധതിയാണ് കേരളത്തിലെ മാലിന്യസംസ്ക്കരണ പരിപാലന പ്രവർത്തനങ്ങളുടെ അടിത്തറ. 2018 ൽ രൂപം നൽകിയ മാലിന്യ പരിപാലന നയത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുകയും ക്രമപ്പെടുത്തുകയും ചെയ്തിരുന്നത്. ഹരിതകേരളം മിഷന്റെ ഒരു ഉപമിഷനായിരുന്നു മാലിന്യ പരിപാലനം. ഇതിന്റെ ഭാഗമായി മാലിന്യങ്ങൾ നീക്കം ചെയ്യാൻ ശാസ്ത്രീയവും വികേന്ദ്രീകൃതവും സംയോജിതവുമായ സംവിധാനങ്ങളിലൂടെ മാലിന്യ പരിപാലനത്തിന് സംവിധാനമൊരുക്കത്തിനുള്ള നടപടികൾ ആരംഭിച്ചു. ഇതോടൊപ്പം മാലിന്യ പരിപാലന പ്രവർത്തനത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും പൊതുജനശ്രദ്ധ കൊണ്ടു വരുന്നതിനും കൂടി സഹായകമായ രീതിയിൽ പൊതുവിട ശുചീകരണ പരിപാടികൾ നിരന്തരം സംഘടിപ്പിക്കാനും ശ്രദ്ധിച്ചിരുന്നു. ഇതിന്റെ ഭാഗമായി കുളങ്ങളിലും ജലാശയങ്ങളിലും അടിഞ്ഞുകൂടിയ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ പുറത്തെടുത്ത് വേർതിരിച്ച് സംസ്ക്കരിച്ചു തുടങ്ങി. മാലിന്യം കൂടി കിടന്ന സ്ഥലങ്ങൾ വൃത്തിയാക്കി പച്ചത്തുരുത്തുകൾ നിർമ്മിക്കാനും ശ്രമിച്ചിരുന്നു. ഇങ്ങനെ 2016 മുതൽ 2021 വരെയുള്ള കാലഘട്ടത്തിൽ പൂർത്തിയാക്കിയ മാലിന്യസംസ്ക്കരണ രംഗത്തെ ആദ്യഘട്ട പ്രവർത്തനങ്ങൾ ഇന്നത്തെ മാലിന്യസംസ്ക്കരണ പദ്ധതിക്ക് കുതിപ്പേകി. ഈ കാലഘട്ടത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പാക്കുന്നതിനും മാലിന്യ പരിപാലനരംഗത്തെ പ്രവർത്തനങ്ങൾ അടുത്ത ഘട്ടത്തിലേക്ക് വളർത്തുന്നതിനുമായി 2023 – ഫെബ്രുവരി 3 ന് നവകേരളം വൃത്തിയുള്ള കേരളം ക്യാമ്പയിൻ ആരംഭിച്ചു.

2023-മാർച്ചിൽ ബ്രഹ്മപുരം മാലിന്യ പരിപാലന കേന്ദ്രത്തിൽ അഗ്നിബാധയുണ്ടായതിനാൽ മാലിന്യ പരിപാലന പ്രവർത്തനങ്ങളുടെ സമീപനത്തിൽ അടിയന്തിര പ്രാധാന്യം നൽകി പ്രവർത്തനങ്ങൾക്ക് മാറ്റം വരുത്താൻ സർക്കാർ നടപടി സ്വീകരിച്ചു. ബ്രഹ്മപുരത്തെ അഗ്നിബാധയിലൂടെ ഉണ്ടായ നഷ്ട്ടങ്ങളും സൃഷ്ടിച്ച പ്രതിസന്ധികളും പരിഹരിക്കാൻ നടപടി സ്വീകരിച്ചതിന് ഒപ്പം മറ്റിടങ്ങളിലും സമാന സംഭവങ്ങൾ ഉണ്ടാകാതിരിക്കാനും കേരളം നേരിടുന്ന ഒരു പ്രധാന വികസന വെല്ലുവിളിക്ക് സമയ ബന്ധിത പരിഹാരം കാണുന്നതിനും ബന്ധപ്പെട്ട എല്ലാ വകുപ്പുകളേയും ഏജൻസികളേയും ഏകോപിപ്പിച്ചു കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ മാലിന്യമുക്തം നവകേരളം ആദ്യഘട്ട കാമ്പയ്ൻ ആരംഭിച്ചു. ഇതിന്റെ ഭാഗമായി 2024 മാർച്ച് ആകുമ്പോൾ വലിയ മുന്നേറ്റം മാലിന്യ സംസ്കരണ സംവിധാനങ്ങളിലും സേവനങ്ങളിലും

കൈവരിക്കാൻ കഴിഞ്ഞു.

ഖരമാലിന്യ സംസ്കരണ മേഖലയിലെ ലക്ഷ്യം നിശ്ചിത സമയ പരിധിക്കുള്ളിൽ കൈവരിക്കണമെന്നതിന്റെ അടിസ്ഥാനത്തിൽ 2024 ജൂലൈ മാസം മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന അവലോകന യോഗത്തിൽ മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിൻ 2024 ഒക്ടോബർ രണ്ടിന് ആരംഭിക്കുന്നതിനും 2025 മാർച്ച 30 അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനത്തിൽ മാലിന്യമുക്തം നവകേരളം ലക്ഷ്യം നേടുന്നതിനും തീരുമാനിച്ചു. എല്ലാ വിഭാഗം സംഘടനകളേയും സ്ഥാപനങ്ങളേയും ജനകീയ ക്യാമ്പയിനിൽ അണി നിരത്താനും മികച്ച ഫലം കൈവരിക്കാനും കഴിഞ്ഞു.

കേരളത്തിൽ നവകേരളം കർമ്മപദ്ധതിയിലൂടെ ആരംഭിച്ച മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഒമ്പത് വർഷം പിന്നിടുമ്പോൾ ഹരിതമിത്രം ആപ്പിൽ രജിസ്റ്റർ ചെയ്ത 99 ശതമാനം വീടുകളിലും സ്ഥാപനങ്ങളിലും നിന്നും ഖരമാലിന്യം വാതിൽപ്പടി ശേഖരണം നടക്കുന്നു. യാത്രക്കാർക്കും പൊതുയിടങ്ങളിൽ എത്തുന്നവർക്കും മാലിന്യ നിക്ഷേപത്തിനായി 32,735 ബിന്നുകളും 17,032 ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചു.

ഹരിതകർമ്മസേനാംഗങ്ങളാണ് മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ നട്ടെല്ല് എന്നുതന്നെ പറയാം. കുടുംബശ്രീയുടെ സഹായത്തോടെ മാലിന്യ സംസ്കരണരംഗത്ത് പ്രവർത്തിക്കുന്ന ഹരിതകർമ്മ സേനാംഗങ്ങളുടെ ദിവസേനയുള്ള അദ്ധ്വാനത്തിന്റെ ഫലം കൂടിയാണ് മാലിന്യമുക്ത പ്രഖ്യാപനം. 2023 മാർച്ചിൽ 23,378 പേരായിരുന്നു ഹരിതകർമ്മസേനാംഗങ്ങളായി ഉണ്ടായിരുന്നത്. 2025 മാർച്ച് വരെ അത് 37,134 ആയി വർദ്ധിച്ചിട്ടുണ്ട്. മാലിന്യങ്ങൾ മാണിക്യമാക്കി മാറ്റി ഓരോ ഹരിതകർമ്മസേനാംഗവും മാസംതോറും 10,000 രൂപ മുതൽ 25,000 രൂപ വരെ വരുമാനം നേടുന്നുണ്ട്. ശേഖരിക്കുന്ന മാലിന്യങ്ങൾ വിവിധ ഏജൻസികൾ വഴി പുന: ചക്രമണ സംരംഭകരിലെത്തിച്ചാണ് ഈ വരുമാനം നേടുന്നത്.

പൊതുജനപങ്കാളിത്തത്തോടെ വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും സംയോജിത പ്രവർത്തനത്തിലൂടെയാണ് മാലിന്യമുക്ത കേരളം







എന്ന വലിയ ലക്ഷ്യത്തിലേക്ക് കേരളം എത്തിയത്. അടിസ്ഥാന സൗകര്യ വികസനവും ഇതിന് സഹായിച്ചു. വിവരാധിഷ്ഠിത മോണിറ്ററിങ് നിയമങ്ങളെക്കുറിച്ചും, ചട്ടങ്ങളെക്കുറിച്ചുമുള്ള ബോധ വല്ക്കരണം, പൊതുജനവിദ്യാഭ്യാസം, മാലിന്യങ്ങൾ വലിച്ചെറിയുന്നവരുടെ ഫോട്ടോ എടുത്ത് അയയ്ക്കാനും, മറ്റ് ഡിജിറ്റൽ ഇടപാടുകൾക്കും സാധാരണക്കാരെവരെ പ്രാപ്തമാക്കിയ ഡിജിറ്റൽ വൽക്കരണം, കാര്യശേഷിവികസനം തുടങ്ങി ഒട്ടേറെ ഘടകങ്ങൾ ഇതിന് സഹായിച്ചു.

ഇന്ന് കേരളത്തിൽ 21,103 മിനി എം സി എഫു കളുണ്ട്. 2023-ൽ ഇതിന്റെ എണ്ണം വെറും 7,446 ആയിരുന്നു. അതുപോലെ 2023 -ലെ എം.സി. എഫുകളുടെ എണ്ണം 1160 ആയിരുന്നപ്പോൾ 2025-ൽ അത് 1,339 ആയി ഉയർന്നു. ഹരിതമിത്രം ആപ്പിന്റെ സേവനം ഇന്ന് 89.56 ലക്ഷം പേർ ഉപയോഗപ്പെ ടുത്തുന്നു. 52,202 എൻഫോഴ്സ്മെന്റ് പരിശോധന കളിലൂടെ 5.57 കോടി രൂപയാണ് പിഴത്തുകയായി ചുമത്തിയത്. ഇങ്ങനെ സംഘടിതമായ ഒരു വലിയ ശ്രമത്തിലൂടെയാണ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഏകോപിത പ്രവർത്തന നേതൃത്വത്തിൽ കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്ത സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും വിപുലപ്പെടുത്തിയത്.

ഈ ലക്ഷ്യം കൈവരിക്കാൻ നേരിട്ട പ്രശ്നങ്ങൾ നിരവധിയാണ്. എന്നാൽ ശക്തമായ ദിശാബോധമുള്ള ഒരു നേതൃത്വത്തിനുകീഴിൽ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരവും കണ്ടു.

ജനങ്ങൾക്ക് മാലിന്യ ശേഖരണ സംവിധാനങ്ങ ളോടുള്ള വിമുഖതയായിരുന്നു ആദ്യ വെല്ലുവിളി. ഈ വെല്ലുവിളി നേരിടുന്നതിനായി വിവിധ തലങ്ങളിൽ അതായത് വാർഡ്തലം മുതൽ സംസ്ഥാനതലം വരെ ജനകീയ കമ്മിറ്റികൾ രൂപീകരിച്ചു. ഈ കമ്മിറ്റികൾക്ക് സംഘാടന ചുമതലകളും നിരന്തരം അവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി അത് മെച്ചപ്പെടു ത്താനുള്ള അവസരവും നൽകി. തുടർന്ന് വിവിധ സംഘടനകളുടെ പങ്കാളിത്തവും ഉറപ്പ് വരുത്തി യതോടെ പൊതുജനങ്ങൾ മാലിന്യസംസ്ക്കരണ പ്രവർത്തനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി സഹ കരിച്ചു. ഇതായിരുന്നു ഈ ക്യാമ്പെയിന്റെ ഏറ്റവും വലിയ വിജയം.

ശേഖരണ-സംഭരണ സംസ്ക്കരണ ശൃംഖലയുടെ അഭാവമായിരുന്നു തുടർന്ന് നേരിട്ട വെല്ലുവിളി. കുടുംബശ്രീയുടെ ജനകീയത പിന്തുടർന്ന് ഹരിത കർമ്മസേന രൂപീകരിച്ചു. ശേഖരണം ഈ സേനയെ ഏല്പിച്ചു. തുടർന്ന് പ്രാദേശികമായി മിനി എം.സി. എഫുകളിലും, എം.സി.എഫുകളിലും, ആർ. ആർ.എഫുകളിലും, ബോട്ടിൽ ബൂത്തുകളിലും,

കണ്ടെയ്നർ എം.സി.എഫുകളിലും മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ചു. ജൈവമാലിന്യ സംസ്ക്കരണ ഉപാധികളും, സ്ഥലലഭ്യത, മാലിന്യത്തിന്റെ തരം, സ്വഭാവം എന്നിവ അനുസരിച്ച് ശേഖരണ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തി.

ഹരിതകർമ്മസേനയെ ഉപയോഗിച്ച് മാലിന്യ ശേഖരണവും സംസ്ക്കരണവും തുടർന്നെങ്കിലും മന്ത്രിതലം മുതൽ ഉദ്യോഗസ്ഥതലം വരെയുള്ള നിരന്തരമായ അവലോകനങ്ങളാണ് മാലിന്യമുക്തം പദ്ധതിയെ വിജയത്തിലെത്തിച്ചത്. തദ്ദേശ സ്ഥാപനങ്ങളിൽ കൺട്രോൾ റൂമുകൾ ആരംഭിച്ചു. തുടർന്ന് വാർ റൂം യോഗങ്ങൾ, പ്രോജക്ട് അവലോകന യോഗങ്ങൾ എന്നിവ നടത്തി. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം. ബി. രാജേഷിന്റെയും ഉന്നത ഉദ്യോഗസ്ഥരുടെയും, താഴെ തട്ടിലുള്ള ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ തുടർച്ചയായ അവലോകന യോഗങ്ങൾ നടന്നു. ഹരിതമിത്രം ആപ്പും, മാലിന്യം സംബന്ധിച്ച് പരാതികൾ ഉൾപ്പെടെ പരിഹരിക്കുന്നതിന് വാർ റൂം പോർട്ടലും തുടങ്ങി. വിവരാധിഷ്ഠിത അവലോകനങ്ങൾ കൂടി ആയതോടെ ലക്ഷ്യം കൈവരിക്കാൻ വേഗത്തിൽ സാധിച്ചു.





ചീഫ് സെക്രട്ടറിയുടെയും വകുപ്പുതല സെക്രട്ടറിമാരുടെയും നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനവും സാധ്യമാക്കി. വകുപ്പുതലത്തിൽ വിവരശേഖരണങ്ങളും നടത്തി. മാലിന്യ പരിപാലനത്തിലെ വൈദഗ്ദ്ധ്യത്തിന്റെ അഭാവം പരിഹരിക്കാൻ വിവിധതലങ്ങളിൽ കാര്യശേഷി വികസന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. നിശ്ചിത കാലയളവിലുള്ള ഈ നൈപുണ്യവികസന പ്രവർത്തനങ്ങൾ പ്രവർത്തന മാർഗ്ഗരേഖകളും മാലിന്യപരിപാലനം ലളിതമാക്കി.

മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾക്ക് നിയമസാധുത നൽകുന്നതിനായി 2024-ലെ പഞ്ചായത്തിരാജ്, നഗരപാലിക നിയമഭേദഗതി നടപ്പിലാക്കി. എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചു. തുടർന്ന് വിവിധ നയങ്ങൾ പിന്തുടർന്ന് മാലിന്യ സംസ്ക്കരണം പൊതുജനപങ്കാളിത്തത്തോടെ, നിയമബോധത്തോടെ പ്രായോഗികമാക്കുകയായിരുന്നു.

മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ സ്കൂളുകളിലും നടപ്പിലാക്കി. ഇതിൽ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലനം നൽകി. കുട്ടികളുടെ ഹരിത സഭയും യൂത്ത് മീറ്റ്സ് ഹരിതകർമ്മസേനയും ഇതിന് ഊർജ്ജം പകർന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തൊഴിലിടങ്ങളിലും നേരത്തേ മാലിന്യം കെട്ടിക്കിടന്ന സ്ഥലങ്ങൾ വൃത്തിയാക്കി NSS യൂണിറ്റുകളുടെ സഹായത്തോടെ സ്നേഹാരാമങ്ങൾ സ്ഥാപിച്ചു.

ഇതിനിടെ മാലിന്യം തള്ളലുമായി ബന്ധപ്പെട്ട പരാതികൾ അറിയിക്കാൻ ഒരു വാട്സ്ആപ് നമ്പറും തുടങ്ങി. **9446700 800** എന്ന നമ്പറിലേക്ക് മാലിന്യങ്ങൾ വലിച്ചെറിയുന്നവരുടെ ഫോട്ടോ/വീഡിയോ അയയ്ക്കുന്നവർക്ക് പാരിതോഷികം നൽകുന്ന പദ്ധതികൾ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി നേരിട്ട് പ്രഖ്യാപിച്ചു. ഇതും മാലിന്യസംസ്ക്കരണ പ്രവർത്തനങ്ങൾക്ക് ഏറെ സഹായിച്ചു. 5.70 കോടി രൂപയാണ് ഇതുവരെ പിഴയായി ചുമത്തിയത്.

കൂട്ടായ പ്രവർത്തനത്തിലൂടെ ഒരു നാട് എങ്ങനെ മാലിന്യമുക്തം എന്ന ഒരൊറ്റ ലക്ഷ്യത്തിലേക്ക് മുന്നേറിയെന്നത് മുഴുവൻ രാജ്യത്തിനും മാതൃകയാണ്. അതുപോലെ ലോക രാജ്യങ്ങൾക്ക് മുന്നിലും മാലിന്യമുക്ത പ്രഖ്യാപനമെന്ന വലിയ ലക്ഷ്യം കൈവരിക്കാൻ കേരളം പിന്തുടർന്ന സ്ഥിരോത്സാഹവും അദ്ധ്വാനവും എന്നും ആദരിക്കപ്പെടും. നമുക്ക് അഭിമാനിക്കാൻ തീർച്ചയായും ഏറെയുണ്ട്.



# ശുചിമുറി മാലിന്യസംസ്കരണത്തിനു മാതൃക കാട്ടി ചേർത്തല മുനിസിപ്പാലിറ്റി

**ഷെർലി ഭാർഗവൻ**

ചെയർപേർസൺ , ചേർത്തല നഗരസഭ

നഗരത്തിലെ ശുചിമുറി മാലിന്യപ്രശ്നത്തിന് ശാശ്വതപരിഹാരം ഒരുക്കികൊണ്ടു ചേർത്തലയിൽ പുതിയ ശുചിമുറി മാലിന്യ സംസ്കരണ പ്ലാന്റ് (എഫ്. എസ്സ്. ടി. പി. ) പ്രവർത്തനമാരംഭിച്ചു. 2025 മാർച്ച് 28 നു ശുചിമുറി മാലിന്യപ്ലാന്റ് തദ്ദേശ സ്വയംഭരണ എക്സൈസ് മന്ത്രി എം.ബി രാജേഷ് ഉദ്ഘാടനം ചെയ്തു. ചേർത്തല നഗരസഭയുടെ ആനതറവെളിയിൽ അരയേക്കർ സ്ഥലത്താണു മാലിന്യപ്ലാന്റ് സ്ഥാപിച്ചിട്ടുള്ളത്. ചേർത്തല താലൂക്കിലെയും സമീപ പഞ്ചായത്തുകളിലെയും മുഴുവൻ ശുചിമുറി മാലിന്യവും സംസ്കരിക്കാനാകുന്ന വിധത്തിലാണ് പ്ലാന്റ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

സംസ്ഥാന സർക്കാരിന്റെ പ്രളയ പുനരധിവാസ പദ്ധതിയായ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 7.7 കോടി രൂപ മുതൽമുടക്കിയാണ് ഈ സംരംഭം പൂർത്തീകരിച്ചിരിക്കുന്നത്. പ്രതിദിനം 2.5 ലക്ഷം ലിറ്റർ കക്കൂസ് മാലിന്യം സംസ്കരിക്കാൻ ഇതുവഴി സാധിക്കും. പാതയോരങ്ങളിലും കനാലുകളിലും രാത്രികാലങ്ങളിൽ കക്കൂസ് മാലിന്യം തള്ളുന്നത് വലിയ പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. പ്ലാന്റിന്റെ പ്രവർത്തനം പൂർണമാകുന്നതോടെ ഇതിനൊരു ശാശ്വതപരിഹാരം ആകും. മാലിന്യ സംസ്കരണത്തിന് ശേഷമുള്ള വെള്ളം പ്ലാന്റിലെയും ദേശീയപാതയിലെയും പൂന്തോട്ടങ്ങൾ നനയ്ക്കുന്നതിനും കൃഷിക്കും പ്രയോജനപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനുപുറമേ ഖരമാലിന്യം ജൈവവളമായി വിൽക്കുന്നതിനുള്ള പദ്ധതികളും നഗരസഭ ആലോചിക്കുന്നുണ്ട്.

സൗരോർജജത്താലാണ് പ്ലാന്റ് പൂർണമായും








പ്രവർത്തിക്കുന്നത് എന്ന പ്രത്യേകതയും ഉണ്ട്. 110 കിലോവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റാണ് സജ്ജമാക്കിയിരിക്കുന്നത്. മിച്ചം വരുന്ന വൈദ്യുതി കെ എസ് ഇബി യ്ക്ക് നല്കുന്നതു വഴി പ്ലാന്റിന് അധിക വരുമാനം കൂടിയാകും. ശുചിമുറി മാലിന്യപ്ലാന്റ് എന്നു കേൾക്കുമ്പോൾ ആശങ്കയാണ് സമീപവാസികൾക്ക് ആദ്യം ഉണ്ടാവുക. കേരളത്തിൽ എവിടെയും എന്നത് പോലെ ചേർത്തലയിലും അതുണ്ടായി. ഇതിനകം അനവധി വെല്ലുവിളികൾ ഈ പ്ലാന്റ് നേരിട്ടിട്ടുണ്ട്. ഹൈക്കോടതിയിലും ദേശീയ ഹരിത ട്രൈബ്യൂണലിലും വാട്ടർഅപ്പലേറ്റ് അതോറിറ്റിയിലും ഒക്കെയായി ആറോളം കേസുകൾ നേരിടേണ്ടിവന്നു. ഈ പ്രദേശത്ത് ഇതിനെതിരായി പ്രതിഷേധം ഉയർന്നിരുന്നു.

എന്നാൽ എന്താണു ശുചിമുറി മാലിന്യപ്ലാന്റ്, എങ്ങനെയാണ് അവിടെ ശാസ്ത്രീയമായി മാലിന്യം സംസ്കരിക്കുന്നത് എന്ന് പ്രതിഷേധക്കാരെ ബോധ്യപ്പെടുത്താൻ തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രി എം.ബി രാജേഷ്, സ്ഥലം എം എൽ എ കൂടിയായ കൃഷി മന്ത്രി പി.പ്രസാദ് എന്നിവർ മുൻ കൈയെടുത്തു. കാര്യങ്ങൾ മനസിലാക്കിയ ജനം ഒറ്റക്കെട്ടായി കൂടെ നിന്നു. സംസ്ഥാനത്ത് എവിടെയെങ്കിലും ശുചി മുറി മാലിന്യ പ്ലാന്റിനെതിരെ പ്രതിഷേധം വന്നാൽ അവരെ ചേർത്തലയിലെ പ്ലാന്റിൽ കൊണ്ടുവന്ന് ഇത്തരം പ്ലാന്റുകളുടെ ആവശ്യത്തെക്കുറിച്ച് ബോധവാൻമാരാക്കുവാൻ ഇനി സാധിക്കുമെന്നും മന്ത്രി എം ബി രാജേഷ് പറഞ്ഞു. ചേർത്തലയിലെ ഈ പ്ലാന്റ് പ്രവർത്തിക്കുന്നതിലൂടെ വേമ്പനാട് കായലിന്റെ ശുചീകരണം കൂടിയാണ് നടപ്പാകുന്നത്. ഹൗസ്ബോട്ടുകളുടെ മാലിന്യങ്ങളും ഇവിടേക്ക് എത്തിക്കാനുള്ള സജ്ജീകരണങ്ങൾ ഉറപ്പാക്കണമെന്ന് കൃഷ് മന്ത്രി പി പ്രസാദ് പറഞ്ഞു.

മുംബൈ താനെ ആസ്ഥാനമായുള്ള അയൊണെക്സ് എന്ന കമ്പനിയാണു പ്ലാന്റിന്റെ നിർവഹണം നടത്തിയത്.






നമ്മുടെ നാട്ടിൽ സെപ്റ്റിക്ടാങ്കുകൾ നിറയുമ്പോൾ ഉടമകൾ ഇത് കൈകാര്യം ചെയ്യുന്ന ഒരു ടാങ്കർ ലോറി വിളിക്കുകയും അവർ അത് ശേഖരിച്ച് കൊണ്ടുപോവുകയും ചെയ്യും. പിന്നീട് നടക്കുന്ന പ്രവർത്തി എന്താണെന്ന് നമ്മൾ അറിയുന്നില്ല. വീട്ടിൽനിന്ന് ഇവ മാറ്റപ്പെട്ടു എന്ന ആശ്വാസത്തിൽ നമ്മൾ ഇരിക്കുമ്പോൾ ഇവർ എടുത്തു കൊണ്ട് പോകുന്ന മാലിന്യം ആളൊഴിഞ്ഞ പറമ്പിലോ ജലാശയങ്ങൾ, വയലുകൾ, റോഡരികുകൾ തുടങ്ങി അവർക്ക് സുരക്ഷിതമെന്ന് കരുതുന്ന സ്ഥലത്തോ നിക്ഷേപിച്ചു പോകുന്ന സംഭവങ്ങൾ സാധാരണയാണ്.

ഇപ്പോൾ ചേർത്തലയിൽ ഇതിനെല്ലാം പരിഹാരമായിരിക്കുന്നു. ശുചിമുറി മാലിന്യ പ്ലാൻറ് ഉദ്ഘാടനത്തോടനുബന്ധിച്ച് വീടുകളിലും സ്ഥാപനങ്ങളിലും എത്തി കക്കൂസ് മാലിന്യം ശേഖരിക്കാൻ പ്രത്യേകം സക്ഷൻ ടാങ്കറും ചേർത്തല നഗരസഭ നിരത്തിലിറക്കി. സാധാരണ ടാങ്കറുകൾ സെപ്റ്റിക്ക് ടാങ്കിനുള്ളിൽ മോട്ടോർ ഇറക്കി മാലിന്യം ശേഖരിക്കുമ്പോൾ ചെറിയ കുഴലിനുള്ളിൽ പോലും പൈപ്പ് ഇറക്കി മാലിന്യം വലിച്ചെടുക്കാൻ ശേഷിയുള്ളതാണ് സക്ഷൻ വെഹിക്കിൾ. ടാങ്കർ ഉടമകളുടെ വാഹനം കയറാത്ത സ്ഥലങ്ങളിൽ ഇത് ഉപയോഗിക്കാനാകും. സക്ഷൻ വാഹനത്തിന്റെ ഫ്ലാഗ് ഓഫ് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ കെ.ജി. സന്ദീപ് നിർവ്വഹിച്ചു.

കാനകൾ വൃത്തിയാക്കാൻ റോബോട്ടുകളെ നിർമ്മിച്ച തിരുവനന്തപുരത്തെ ജെൻ റോബോട്ടിക്സ് ആണ് ഈ വാഹനം രൂപകല്പന ചെയ്തത്. ഓൺ ലൈൻ മോണിറ്ററിംഗ് സംവിധാനവും വാഹനത്തിലുണ്ട്. ശുചിത്വ മിഷന്റെ സഹായത്തോടെ 40 ലക്ഷം രൂപ മുതൽമുടക്കിയാണ് നഗരസഭ വാഹനം വാങ്ങിയത്. ശുചിമുറി മാലിന്യം ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനു കേരളത്തിനു മാതൃക കാട്ടിയിരിക്കുകയാണു ചേർത്തല മുനിസിപ്പാലിറ്റി.

# എഫ്.എസ്.ടി.പി യിൽ ഓൺലൈൻ ബുക്കിംഗ് ആരംഭിച്ചു

ചേർത്തല നഗരസഭ എഫ് എസ് റ്റി പി യിലേക്ക് കക്കൂസ് മാലിന്യം എടുക്കുന്നതിന് ഓൺലൈൻ ബുക്കിംഗ് സംവിധാനം സജ്ജമായി. 7356812813 എന്ന നമ്പരിലോ https://chelothacherthala.in എന്ന സൈറ്റ് വഴിയോ സെപ്റ്റിക് ടാങ്ക് ക്ലീൻ ചെയ്യുന്നതിന് നഗരസഭയിൽ ഓൺലൈൻ ആയി ബുക്ക് ചെയ്യാവുന്നതാണ്. 5000 ലിറ്ററിന്റെ വാഹനത്തിന് 4000 രൂപയും 6000 ലിറ്ററിന്റെ വാഹനത്തിന് 5000 നിരക്കിലുമാണ് ബുക്ക് ചെയ്യാവുന്നത്. കൂടിയ അളവിലുള്ള വാഹനങ്ങളും ലഭ്യമാണ്.

ബുക്ക് ചെയ്ത പണം അടയ്ക്കേണ്ടതും ഓൺലൈനായി ആയിരിക്കും. ടാങ്കറിൽ വേസ്റ്റ് എടുക്കുവാൻ വരുന്നവർക്ക് യാതൊരു കാരണവശാലും പണം നേരിട്ട് നൽകുവാൻ പാടുള്ളതല്ല. ബുക്ക് ചെയ്യുന്നവർ അടയ്ക്കുന്ന പണം ഓൺലൈൻ ആയി തന്നെയാണ് ടാങ്കർ ലോറികാർക്ക് കൈമാറുന്നതും. പൂർണമായി ഓൺലൈൻ ആയിട്ടാണ് ഈ പ്രവർത്തികൾ നടക്കുന്നത്.

റൊട്ടേഷൻ വ്യവസ്ഥയിൽ ആയിരിക്കും ടാങ്കറുകൾക്ക് ഓർഡറുകൾ ലഭിക്കുന്നത്. നഗരസഭ പരിധിയിലെയും സമീപപ്രദേശങ്ങളിലെയും സെപ്റ്റിക് ടാങ്കുകൾ ക്ലീൻ ചെയ്യുന്നതിന് ഈ സംവിധാനം ഉപയോഗപ്പെടുത്തണമെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചു.



# പ്രധാനമന്ത്രിയുടെ പൊതു ഭരണ മികവിനുള്ള പുരസ്കാരം നേടി പരപ്പ ബ്ലോക്ക് പഞ്ചായത്ത്

കാസർഗോഡ് ജില്ലയിലെ പരപ്പ ആസ്പിരേഷൻ ബ്ലോക്ക് അഭിമാനകരമായ നേട്ടം കൈവരിച്ചു. പൊതുഭരണത്തിലെ മികവിനുള്ള പ്രധാനമന്ത്രിയുടെ അവാർഡ്– 2024 ന് പരപ്പ ബ്ലോക്ക് തിരഞ്ഞെടുക്കപ്പെട്ടു. സിവിൽ സർവീസ് ദിനമായ ഏപ്രിൽ 21 ന് ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ ജില്ലാ കളക്ടർ കെ. ഇമ്പശേഖർ, ഐ.എ.എസ്. അവാർഡ് ഏറ്റുവാങ്ങി. പരപ്പ ആസ്പിരേഷനൽ ബ്ലോക്കിൽ ദേശീയ ശ്രദ്ധ നേടുന്ന വിധം വിവിധ മേഖലകളിൽ നടപ്പിലാക്കിയ മികച്ച പ്രവർത്തനങ്ങൾക്കാണ് പുരസ്കാരം. ജില്ലാ കലക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് മികച്ച ആസൂത്രണത്തിൽ വികസന ക്ഷേമപ്രവർത്തനത്തിലെ വിടവുകൾ കണ്ടെത്തി പരിഹരിച്ച് പരപ്പ ബ്ലോക്ക് നിർണായകമായ നേട്ടമാണ് കൈവരിച്ചത്. 264 ആസ്പിരേഷൻ ബ്ലോക്കുകളിൽ നിന്നാണ് പൊതു ഭരണ മികവിനുള്ള ഒന്നാം സ്ഥാനം പരപ്പ ബ്ലോക്ക് നേടിയത്. പരപ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് എം ലക്ഷ്മിയുടെ നേതൃത്വത്തിൽ ഭരണസമിതി നൽകിയ പിന്തുണയ്ക്കും കഠിനാധ്വാനത്തിനും ജില്ലാ കലക്ടർ നന്ദി പറഞ്ഞു ബ്ലോക്ക് പരിധിയിലെ കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ടി കെ രവി, ബളാൽ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് രാജു കട്ടക്കയം, ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ജോസഫ്, മുത്തോലി വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഗിരിജ മോഹൻ, പനത്തടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പ്രസന്ന പ്രസാദ്, കള്ളാർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ടി കെ നാരായണൻ, കൊടോംബേളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പി ശ്രീജ എന്നിവരുടെ നേതൃത്വത്തിൽ നൽകിയ പിന്തുണയ്ക്കും മറ്റ് ഉദ്യോഗസ്ഥർക്കും ജില്ലാ കലക്ടർ നന്ദി അറിയിച്ചു. എല്ലാ ജില്ലാതല ബ്ലോക്ക് തല ഉദ്യോഗസ്ഥർക്കും. ജില്ലാ പ്ലാനിങ്ഓഫീസർ ടി രാജേഷിനും ടീമിനും കലക്ടർ നന്ദി അറിയിച്ചു.



സുതാര്യവും സമയബന്ധിതവുമായി ആസൂത്രണം ചെയ്തു നടപ്പിലാക്കിയ മികവുറ്റ പ്രവർത്തനങ്ങളാണ് പ്രധാനമന്ത്രിയുടെ പുരസ്കാരത്തിന് പരപ്പയെ അർഹമാക്കിയത്.

ആരോഗ്യം, സാമൂഹിക ക്ഷേമം, കൃഷി, സംരംഭകത്വ വികസനം, ഗോത്രവർഗ്ഗ മേഖലയിലെ ക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങി വ്യത്യസ്ത മേഖലകളിലെ മികവാർന്ന പ്രവർത്തനങ്ങൾക്കാണ് പുരസ്കാരം. കാസർകോട് ജില്ലാ കലക്ടറായി കെ ഇമ്പശേഖർ ഐഎഎസ് ചുമതല ഏറ്റതിനു ശേഷം ജില്ലയ്ക്ക് ലഭിക്കുന്ന അഞ്ചാമത്തെ പുരസ്കാരവും ആദ്യത്തെ ദേശീയ പുരസ്കാരവും ആണ് പ്രധാനമന്ത്രിയുടെ പൊതു ഭരണ മികവിനുള്ള 2024 അവാർഡ്.



**ആശ.എസ്. പണിക്കര്‍**
എഡിറ്റോറിയല്‍ അസിസ്റ്റന്റ്
പബ്ളിക് റിലേഷന്‍സ്
കുടുംബശ്രീ

# കുടുംബശ്രീ, സ്ത്രീശാക്തീകരണത്തിന്റെ 27 വര്‍ഷങ്ങളിലൂടെ

സ്ത്രീശാക്തീകരണ ദാരിദ്ര്യ നിര്‍മാര്‍ജന പ്രവര്‍ത്തനങ്ങള്‍ക്ക് ലോകത്തിന് മാതൃകയായ കുടുംബശ്രീ കേരളത്തിന്റെ മണ്ണില്‍ ഇരുപത്തിയേഴ് സുവര്‍ണ്ണ വര്‍ഷങ്ങള്‍ പിന്നിടുകയാണ്. സാധാരണക്കാരായ സ്ത്രീകള്‍ക്ക് സ്വയംപര്യാപ്തത നേടിക്കൊടുത്തു കൊണ്ട് അവരുടെ കുടുംബങ്ങളിലും അതിലൂടെ സമൂഹത്തിലും അഭിവൃദ്ധി കൊണ്ടു വന്ന പ്രസ്ഥാനം.

കുടുംബശ്രീയിലൂടെ കേരളീയ സ്ത്രീസമൂഹത്തെ സമഗ്ര വികസനത്തിന്റെ വഴികളിലേക്ക് നയിക്കുന്ന നിരവധി മാതൃകാപ്രവര്‍ത്തനങ്ങളാണ് ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം നടപ്പാക്കിയത്. ശാക്തീകരണം എന്ന ലക്ഷ്യത്തെ അതിന്റെ സമഗ്രതയില്‍ കൈവരിക്കുന്നതിനായി കുടുംബശ്രീ നടപ്പാക്കി വരുന്ന പ്രവര്‍ത്തനങ്ങള്‍ ഇരുപത്തിയേഴാം വര്‍ഷത്തിലും അഭംഗുരം തുടരുകയാണ്. മൂന്നു ലക്ഷത്തിലേറെ അയല്‍ക്കൂട്ടങ്ങളിലായി 48 ലക്ഷം വനിതകള്‍ അംഗങ്ങളായുള്ള കുടുംബശ്രീയെന്ന ഈ ത്രിതല സംഘടനാ സംവിധാനം അതിന്റെ വിജയഗാഥ തുടരുകയാണ്.

കെട്ടുറപ്പുള്ള ത്രിതല സംഘടനാ സംവിധാനം, യുവതികള്‍ ഉള്‍പ്പെട്ട ഓക്സിലറി ഗ്രൂപ്പുകള്‍, വീട്ടുമുറ്റത്തെ ബാങ്ക് പോലെ പ്രവര്‍ത്തിക്കുന്ന അയല്‍ക്കൂട്ട സൂക്ഷ്മസമ്പാദ്യ പദ്ധതി, കാര്‍ഷിക മേഖലയിലും കാര്‍ഷികേതര മേഖലയിലും നടപ്പാക്കുന്ന വരുമാനദായക പദ്ധതികള്‍, വിവിധ തൊഴില്‍ നൈപുണ്യ പരിശീലന പദ്ധതികള്‍, സാമൂഹ്യ വികസന പദ്ധതികള്‍ തുടങ്ങി വിവിധ പദ്ധതികള്‍ ന









ടപ്പാക്കുന്നതിലൂടെ സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിൽ സ്ത്രീകളെ സഹായിക്കാൻ കുടുംബശ്രീക്കായിട്ടുണ്ട്.

ഈ സർക്കാർ അധികാരമേറ്റ ശേഷം കുടുംബശ്രീയ്ക്ക് ഏറ്റവും ദിശാബോധം നൽകിയ ഒട്ടനവധി മാതൃകാ പ്രവർത്തനങ്ങളുടെ തുടർച്ചയാണ് കഴിഞ്ഞ ഒമ്പതു വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായത്. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനൊപ്പം കുടുംബശ്രീക്ക് ശക്തമായ ഒരു യുവനിരയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ 18 നും 40 നും ഇടയിൽ പ്രായമുള്ള യുവതികളെ ഉൾപ്പെടുത്തി 19472 ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിച്ചത് ഇക്കാലയളവിലാണ്. മൂന്നു ലക്ഷത്തിലേറെ യുവതികളാണ് ഇന്ന് ഓക്സിലറി ഗ്രൂപ്പുകളിൽ അംഗങ്ങളായിട്ടുള്ളത്.

ത്രിതല സംഘടനാ സംവിധാനത്തെ കൂടുതൽ ചലനാത്മകമാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ വേഗം താഴെതട്ടിൽ എത്തിച്ച് വികസനം സാധ്യമാക്കുന്നതിനുമായി മുഴുവൻ സി.ഡി.എസ്, എ.ഡി.എസ്, അയൽക്കൂട്ടതല ഭാരവാഹികൾക്കും കാര്യശേഷി വികസന പരിശീലനം നൽകാൻ കഴിഞ്ഞത് ഏറെ ശ്രദ്ധേയമാണ്. കൂടാതെ സംഘടനാ സംവിധാനത്തിന്റെ കരുത്തുപയോഗിച്ച് കേരളം നേരിട്ട രണ്ടു പ്രളയ കാലവും കോവിഡ് മഹാമാരിയ്ക്കുമെതിരേ ശക്തമായ പ്രതിരോധം തീർക്കാനും നിരവധി സന്നദ്ധ പ്രവർത്തനങ്ങൾ നടത്താനും കുടുംബശ്രീക്ക് കഴിഞ്ഞു.

കുടുംബശ്രീ അംഗങ്ങളുടെ സൂക്ഷ്മസമ്പാദ്യം വർധിപ്പിക്കുന്നതിനും ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകി. ഇതിന്റെ ഭാഗമായി നാളിതുവരെ 9369 കോടി

രൂപ ഇന്ന് അയൽക്കൂട്ടങ്ങളുടേതായി വിവിധ ബാങ്കുകളിലുണ്ട്. കൂടാതെ 28723,89 കോടി രൂപ ആന്തരിക വായ്പാ ഇനത്തിലും വിതരണം ചെയ്തിട്ടുണ്ട്. അയൽക്കൂട്ടഅംഗങ്ങളുടെ വ്യക്തിഗത ആവശ്യങ്ങൾക്കായി ഏറ്റവും എളുപ്പത്തിൽ ആശ്രയിക്കാവുന്ന ബാങ്കായി ഇന്ന് അയൽക്കൂട്ടങ്ങൾ മാറിയിരിക്കുന്നു. അയൽക്കൂട്ട അംഗങ്ങൾക്ക് സാമ്പത്തിക സാക്ഷരത നൽകിയതും ശ്രദ്ധേയമായ പ്രവർത്തനമാണ്.

കുടുംബശ്രീ അംഗങ്ങളുടെ സാമ്പത്തിക ശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ട് കാർഷിക കാർഷികേതര മേഖലകളിൽ നിരവധി വരുമാനദായക പദ്ധതികളാണ് നടപ്പാക്കുന്നത്. ഇതിൽ പ്രധാനമാണ് കുടുംബശ്രീയുടെ സൂക്ഷ്മ സംരംഭങ്ങൾ. ഉൽപാദന, സേവന, വ്യാപാര മേഖലകളിലായി ഇന്ന് ഒന്നര ലക്ഷത്തിലേറെ സംരംഭങ്ങളിലായി മൂന്നു ലക്ഷത്തിലേറെ വനിതകൾക്ക് സ്വന്തമായി തൊഴിലും വരുമാനവുമുണ്ട്. ഇതു വഴി മൂന്നു ലക്ഷത്തിലേറെ കുടുംബങ്ങളുടെ അഭിവൃദ്ധിക്കും കുടുംബശ്രീ വഴിയൊരുക്കി. സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും നിലവിലുള്ളവ വിപുലീകരിക്കുന്നതിനും ആവശ്യമായ വിവിധ പരിശീലനങ്ങൾ, സാമ്പത്തിക പിന്തുണകൾ, സബ്സിഡികൾ എന്നിവയും ലഭ്യമാക്കുന്നു. വേതനാധിഷ്ഠിത തൊഴിൽ രംഗത്തേക്ക് കടക്കാൻ ആഗ്രഹിക്കുന്നവർക്കും തൊഴിൽ വൈദഗ്ധ്യ പരിശീലനങ്ങൾ ഉൾപ്പെടെ നൽകി അവർക്കും മെച്ചപ്പെട്ട വേതനം ലഭിക്കുന്ന തൊഴിൽ നേടാൻ അവസരമൊരുക്കുന്നു. സംസ്ഥാനത്ത് പൊതുഗതാഗത രംഗത്ത് വിപ്ളവാത്മകമായ മുന്നേറ്റം സൃഷ്ടിച്ച കൊച്ചി മെട്രോ റെയിലിന്റെ 24 സ്റ്റേഷനുകളിലും ജോലി ചെയ്യുന്നത് കുടുംബശ്രീ വനിതകളാണ്. വാട്ടർമെട്രോയിലും കുടുംബശ്രീ വനിതകളാണ്.

സംസ്ഥാനത്തിന്റെ രൂക്ഷമായ മാലിന്യ പ്രശ്നത്തിന് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച കുടുംബശ്രീ സംരംഭ മാതൃക ഹരിതകർമ സേന ഇന്ന് മാലിന്യനിർമാർജന രംഗത്തെ അവിഭാജ്യഘടകമാണ്. 'മാലിന്യമുക്തം നവകേരളം' കാമ്പയിന്റെ ഭാഗമായി സംസ്ഥാനത്ത് ശുചിത്വം കൈവരിക്കുന്നതിന് വലിയ പങ്കു വഹിക്കാൻ ഈ ശുചിത്വ സേനയ്ക്കായി. നിലവിൽ 4438 യൂണിറ്റുകളിലായി 37134 ഹരിതകർമസേനാംഗങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. ഇവർ മുഖേന കഴിഞ്ഞ ഒരുവർഷം 50190 ടൺ അജൈവ മാലിന്യം നീക്കം ചെയ്യാൻ കഴിഞ്ഞത് ഏറെ ശ്രദ്ധ നേടിയിരുന്നു.

കാർഷിക മൃഗസംരക്ഷണമേഖലയിലും അയൽക്കൂട്ട വനിതകൾക്ക് മികച്ച ഉപജീവന മാർഗം കണ്ടെത്തുന്നതിൽ വിജയിക്കാനായി. മാറുന്ന കാലത്തിനൊപ്പം നൂതനങ്ങളായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിനും പുതിയ സാങ്കേതിക വിദ്യകൾ സ്വായത്തമാക്കുന്നതിൽ കുടുംബശ്രീ കർഷകർക്ക് പരിശീലനം നൽകുന്ന





തിലും പ്രത്യേകം ശ്രദ്ധയൂന്നി. കഴിഞ്ഞ ഒമ്പത് വർഷങ്ങളിലെ നിരന്തര പരിശ്രമങ്ങൾ കൊണ്ട് ഈ മേഖലയിൽ കർഷക സംഘങ്ങളുടെയും അതിലെ അംഗങ്ങളുടെയും എണ്ണത്തിൽ ഇരട്ടിയിലേറെ വർധനവാണുണ്ടായത്. നിലവിൽ 94594 കർഷക സംഘങ്ങളിലായി 4.23 ലക്ഷം അംഗങ്ങളാണ് ഇന്ന് കാർഷിക മേഖലയിൽ നിന്നും വരുമാനം കണ്ടെത്തുന്നു. കൂടാതെ കാർഷിക പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിന് 180-ലേറെ സാങ്കേതിക വിദ്യകളും കുടുംബശ്രീ നേടിയെടുത്തിട്ടുണ്ട്.

മൂന്നു ലക്ഷത്തിലേറെ വനിതകൾ മൃഗസംരക്ഷണ മേഖലയിലും ഉപജീവനമാർഗം കണ്ടെത്തുന്നു. കെപ്കോ, മൃഗസംരക്ഷണ വകുപ്പ്, മീറ്റ് പ്രൊഡക്ട് ഓഫ് ഇന്ത്യ എന്നിവയുമായി സഹകരിച്ച് കുടുംബശ്രീ നടപ്പാക്കുന്ന കേരള ചിക്കൻ പദ്ധതിയും ഇന്ന് വിപണിയിൽ വിജയം നേടി മുന്നേറുകയാണ്.

സാമൂഹ്യ വികസനരംഗത്തും ശക്തമായ പ്രവർത്തനങ്ങളുമായി കുടുംബശ്രീ നിലയുറപ്പിക്കുകയാണ്. ഇതിന്റെ ഭാഗമായി പതിനാല് ജില്ലകളിലും അട്ടപ്പാടിയിലും സ്നേഹിത-ജെൻഡർ ഹെൽപ് ഡെസ്ക് പ്രവർത്തനം ആരംഭിച്ചു. കൂടാതെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ പ്രാദേശികതലത്തിൽ ശക്തിപ്പെടുത്തുന്നതിനും സ്ത്രീസുരക്ഷയൊരുക്കു

ന്നതിനുമായി തദ്ദേശ സ്ഥാപനതലത്തിൽ സ്ഥാപിതമായ ജെൻഡർ റിസോഴ്സ് സെന്ററുകൾ, അയൽക്കൂട്ട തലത്തിലെ വിജിലന്റ് ഗ്രൂപ്പുകൾ, ജെൻഡർ പോയിന്റ് പേഴ്സൺ എന്നീ സംവിധാനങ്ങളും ഈ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നു.

കുട്ടികളുടെ സമഗ്രവികാസം ലക്ഷ്യമിട്ടുകൊണ്ട് ബാലസഭകളിലൂടെ മാതൃകാപരമായ ഒട്ടേറെ പദ്ധതി പ്രവർത്തനങ്ങളാണ് ഇക്കാലയളവിൽ നടപ്പാക്കിയത്. ബാലസഭകളിൽ അംഗങ്ങളായ നാലരലക്ഷത്തിലേറെ കുട്ടികളുടെ മാനസികവും ബൗദ്ധികവുമായ വികാസവും സർഗാത്മകതയും ജനാധിപത്യബോധവും വളർത്തുന്നതിനും ശാസ്ത്രവിഷയങ്ങളിലും ഗവേഷണത്തിലും ഉൾപ്പെടെ ആഭിമുഖ്യം വളർത്തുന്നതിനുമായി നിരവധി പരിപാടികളാണ് നടപ്പാക്കുന്നത്. തിരഞ്ഞെടുത്ത ബാലസഭാംഗങ്ങളെ ഉൾപ്പെടുത്തി സംഘടിപ്പിച്ച 'കുട്ടികളുടെ അന്താരാഷ്ട്ര ഉച്ചകോടി' ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ടിരുന്നു.

അയൽക്കൂട്ട വനിതകളെ സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്നതിനൊപ്പം സാമൂഹ്യസുരക്ഷയുടെ തണലൊരുക്കുന്നതിനും കുടുംബശ്രീ മുൻഗണന നൽകുന്നു. ഇതിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ് കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബഡ്സ് സ്ഥാപനങ്ങൾ. നിലവിൽ സംസ്ഥാനമൊട്ടാകെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി 166 ബഡ്സ് സ്കൂളുകളും ഭിന്നശേഷിക്കാരായ 18 വയസിന് മുകളിൽ പ്രായമുള്ള വ്യക്തികൾക്കായുള്ള 212 ബഡ്സ് പുനരധിവാസ കേന്ദ്രങ്ങളും ഉൾപ്പെടെ ആകെ 378 ബഡ്സ് സ്ഥാപനങ്ങളുണ്ട്. ഇവരുടെ കലാ-കായിക കഴിവുകൾ വളർത്തുന്നതിന്റെ ഭാഗമായി എല്ലാവർഷവും സംസ്ഥാനതല ബഡ്സ് ഫെസ്റ്റ് നടത്താറുണ്ട്. കൂടാതെ ഈ വർഷം ഫെബ്രുവരിയിൽ ആദ്യമായി ബഡ്സ് കായിക മേളയും സംഘടിപ്പിച്ചിരുന്നു.

പട്ടികവർഗ മേഖലയിലും കുടുംബശ്രീയുടെ മാതൃകാപ്രവർത്തനങ്ങളുണ്ട്. ഇതിന്റെ ഭാഗമായി അട്ടപ്പാടി ആദിവാസി സമഗ്ര വികസന പദ്ധതി ഉൾപ്പെടെ വിവിധ ജില്ലകളിലായി പത്തോളം പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നുണ്ട്. അയൽക്കൂട്ടങ്ങളിൽ അംഗത്വം, കാർഷിക മൃഗസംരക്ഷണ മേഖലകളിൽ തൊഴിൽ കണ്ടെത്തുന്നതിനുള്ള പരിശീലനങ്ങൾ, സാമ്പത്തിക പിന്തുണകൾ എന്നിവയെല്ലാം ഇവർക്ക് ലഭ്യമാക്കുന്നു. കൂടാതെ കർഷകർക്കും സംരംഭകർക്കും ഉൽപന്ന വിപണനത്തിനുള്ള അവസരവും നൽകുന്നു. ഈ മേഖലയിലെ കുട്ടികൾക്ക് കലാ കായിക വിദ്യാഭ്യാസ രംഗത്ത് മുന്നേറുന്നതിനും യുവജനങ്ങൾക്ക് തൊഴിൽ നൈപുണ്യ പരിശീലനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള വിവിധ പദ്ധതികളും കുടുംബശ്രീ നടപ്പാക്കുന്നു.

പട്ടികവർഗ മേഖലയിലെ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കെത്തിക്കുന്നതിന്റെ ഭാഗമായി 'കനസ് ജാഗ' എന്ന പദ്ധതിയും വിജയകരമായി നടപ്പാക്കി. കുട്ടികൾ തന്നെ കഥയും തിരക്കഥയും നിർവഹിച്ച് അവർ തന്നെ നിർമിച്ച നൂറിലേറെ ഹ്രസ്വ ചലച്ചിത്രങ്ങളുടെ സംസ്ഥാനതല പ്രദർശനം നടത്തിയത് ഏറെ സവിശേഷമായ അനുഭവമായിരുന്നു.

കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന നാല് കേന്ദ്രാവിഷ്കൃത പദ്ധതികളിലും വലിയ തോതിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ നഗര മേഖലയിൽ നടപ്പാക്കുന്ന പ്രധാനമന്ത്രി ആവാസ് യോജന, നഗരദാരിദ്ര്യ ലഘൂകരണം ലക്ഷ്യമിട്ട് നടപ്പാക്കുന്ന ദേശീയ നഗര ഉപജീവന ദൗത്യം, ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്ക് സൗജന്യ തൊഴിൽ






പ്രോഗ്രാം എന്നിവയാണ് പദ്ധതികൾ. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ദേശീയതലത്തിൽ അംഗീകാരങ്ങൾ നേടിയിട്ടുള്ളതും ശ്രദ്ധയാകർഷിച്ചതുമായ ഈ പദ്ധതികളുടെ സംസ്ഥാനത്തെ നോഡൽ ഏജൻസിയും കുടുംബശ്രീയാണ്.

കഴിഞ്ഞ ഒമ്പതു വർഷങ്ങളിൽ കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ മുഖേന സ്ത്രീശാക്തീകരണ ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങൾ ഇന്ത്യയിലെ 24 സംസ്ഥാനങ്ങളിലേക്കും ഒരു കേന്ദ്രഭരണ പ്രദേശത്തും വ്യാപിപ്പിക്കാൻ കഴിഞ്ഞു. ഇതുവഴി മറ്റു സംസ്ഥാനങ്ങളിലെ ദരിദ്ര വനിതകൾക്കും തൊഴിലും വരുമാനവും ലഭ്യമാക്കി ആത്മവിശ്വാസത്തോടെ മുന്നേറാൻ കുടുംബശ്രീ അവസരമൊരുക്കി.



കേരളീയ സ്ത്രീസമൂഹത്തെ ശക്തമായി മുന്നോട്ടു നയിച്ചും പ്രാദേശിക സാമ്പത്തിക വികസന പ്രക്രിയക്ക് കരുത്തേകിയും പുതിയ ലക്ഷ്യങ്ങൾ കൈവരിക്കാൻ വൈവിധ്യമാർന്ന പ്രവർത്തനങ്ങളുമായി മുന്നേറുകയാണ് കുടുംബശ്രീ. ഓരോ വർഷം കഴിയുമ്പോഴും സമൂഹത്തിന്റെ എല്ലാ മേഖലകളിലും കൈവരിക്കേണ്ട വികസന പ്രവർത്തനങ്ങളിൽ കുടുംബശ്രീയുടെ പ്രാതിനിധ്യം കൂടുതൽ അനിവാര്യമാവുകയാണ്. അതു തന്നെയാണ് ഈ പ്രസ്ഥാനത്തിന്റെ മികവും. കേരളീയ ജനതയുടെ വികസന സ്വപ്നങ്ങൾക്കൊപ്പം സഞ്ചരിക്കുകയാണ് ഏഷ്യൻ ഭൂഖണ്ഡത്തിലെ തന്നെ ഏറ്റവും വലിയ പെൺകൂട്ടായ്മയായ കുടുംബശ്രീ.



നവകേരളം പുതുവഴികൾ
പിണറായി വിജയൻ സർക്കാർ
10-ാം വർഷത്തിലേക്ക്

LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

കേരള സർക്കാർ



# തദ്ദേശ അദാലത്ത്

## ജനങ്ങളുടെ പരാതികൾ തീർപ്പാക്കി മന്ത്രിതല അദാലത്ത്



**ലഭിച്ച പരാതികൾ**
**17288**

**പരിഹരിച്ച പരാതികൾ**
**16154**

**തീർപ്പാക്കിയത്**
**93.44%**
**പരാതികൾ**

THADDESAKAM (MONTHLY) April 2025
₹30 Annual Subscription ₹360, Published on April 2025

RNI. No: KERML/2023/89208
Press Registrar General of India Dated 16/10/2024




Printed & published and Owned by Seeram Sambasiva Rao I A S, Principal Director, Directorate of Local Self Government Department of Kerala, Printed at Gramalekshmi Mudralayam, Kalliyoor, Thiruvananthapuram
Published from Principal Directorate, Swaraj Bhavan, Nandancode, Kowdiar P.O., Thiruvananthapuram, Kerala 695 003, Editor: Deepa K.